# 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2021 ഒക്ടോബർ 5-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

<u>ഉള്ളടക്കം</u>

*പേജ്*

| | | |
|---|---|---|
| 1. ഘടന | .. | V |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം: | | |
| I വിയോജനക്കുറിപ്പ് | .. | 13 |
| II സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 17 |

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തരകാര്യങ്ങൾ )
# (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>പ്രത്യേക ക്ഷണിതാവ്</u>:

ശ്രീ. പി. രാജീവ്,
നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻനായർ, സെക്രട്ടറി.

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി.

ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

# 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയച്ച 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ (ബിൽ നമ്പർ 28) സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ 2021 ആഗസ്റ്റ് 3-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2021 ആഗസ്റ്റ് 11-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അന്നേദിവസംതന്നെ അയയ്ക്കുകയും ചെയ്തു.

3. 2021 സെപ്റ്റംബർ 29-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 2</u>

(i) (എ) ഇനത്തിൽ "അക്കാദമിക് സ്റ്റാഫ് " എന്നതിനു പകരം "അക്കാഡമിക സ്റ്റാഫ് " എന്നും "ഇൻസ്റ്റിറ്റ്യൂട്ടിൻെറ" എന്നതിനുപകരം "സർവ്വകലാശാലയുടെ" എന്നും ചേർക്കുക:—

(ii) (സി) ഇനത്തിൽ "ബോർഡ് ഓഫ് ഗവർണേഴ്സ് എന്നാൽ" എന്നീ വാക്കുകൾക്ക് ശേഷം " 18 -ാം വകുപ്പിൻ കീഴിൽ രൂപവൽക്കരിച്ച " എന്നീ വാക്കുകൾ ചേർക്കുക.

(iii) (ഡി) ഇനത്തിൽ "കാമ്പസ്" എന്നതിനു പകരം "ക്യാംപസ്" എന്നും "ഇൻസ്റ്റിറ്റ്യൂട്ടിനാൽ" എന്നതിനുപകരം "സർവ്വകലാശാലയാൽ" എന്നും ചേർക്കുക.

(iv) നിലവിലുള്ള (കെ) ഇനം ഒഴിവാക്കുകയും (എൽ) മുതൽ (ആർ) വരെയുള്ള ഇനങ്ങൾ (കെ) മുതൽ (ക്യൂ) വരെയുള്ള ഇനങ്ങളായി പുനരക്കം ചെയ്യേണ്ടതുമാണ്.

(v) അപ്രകാരം പുനരക്കം ചെയ്ത (ക്യൂ) ഇനത്തിനു ശേഷം (ആർ) ഇനമായി താഴെപ്പറയുന്ന ഇനം ചേർക്കുക:—

"(ആർ) "സ്കൂൾ" എന്നാൽ സർവ്വകലാശാല സ്ഥാപിച്ച പഠന സ്കൂൾ എന്നർത്ഥമാകുന്നു;"

(vi) (എക്സ്) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക:—

"(എക്സ്) "അദ്ധ്യാപകർ" എന്നാൽ സർവ്വകലാശാലയിൽ അദ്ധ്യാപനം നടത്തുന്നതിനോ ഗവേഷണം നടത്തുന്നതിനോ വേണ്ടി നിയമിക്കപ്പെട്ടതും സ്റ്റാറ്റ്യൂട്ടുകളാൽ അദ്ധ്യാപകരായി നിയോഗിച്ചിട്ടുള്ളതുമായ പ്രൊഫസർമാർ, അസോസിയേറ്റ് പ്രൊഫസർമാർ, അസിസ്റ്റന്റ് പ്രൊഫസർമാർ, അതുപോലെയുള്ള മറ്റു ആളുകൾ എന്നർത്ഥമാകുന്നു; "

<u>ഖണ്ഡം 3</u>

(i) (1)-ാം ഉപഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (2)-ാം ഉപഖണ്ഡമായി ചേർക്കേണ്ടതും നിലവിലുള്ള (2) മുതൽ (5) വരെയുള്ള ഉപഖണ്ഡങ്ങൾ (3) മുതൽ (6) വരെയുള്ള ഉപഖണ്ഡങ്ങളായി പുനരക്കം ചെയ്യേണ്ടതുമാണ്.

"(2) സർവ്വകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരം ജില്ലയിൽ ആയിരിക്കുന്നതാണ്.".

(ii) അപ്രകാരം പുനരക്കം ചെയ്യപ്പെടുന്ന (5)-ാം ഉപഖണ്ഡത്തിൽ "സത്യം ബോധ്യപ്പെടുത്തേണ്ടതും" എന്നീ വാക്കുകൾക്കു പകരം "സത്യബോധപ്പെടുത്തേണ്ടതും" എന്ന വാക്കും "എല്ലാ പ്രേസ്സുകളും" എന്നീ വാക്കുകൾക്കു പകരം "എല്ലാ പ്രോസസ്സുകളും" എന്നീ വാക്കുകളും ചേർക്കുക.

<u>ഖണ്ഡം 4</u>

(i) (എ) ഇനത്തിൽ "പ്രയോഗരംഗങ്ങളിലും" എന്ന വാക്കിനു പകരം "മൾട്ടി ഡിസിപ്ലിനറി ആപ്ലിക്കേഷനുകളിലും" എന്നീ വാക്കുകൾ ചേർക്കുക.

(ii) (ബി) ഇനത്തിൽ "വിദ്യാഭ്യാസ പരിപാടികൾ" എന്നീ വാക്കുകൾക്കു പകരം "വിദ്യാഭ്യാസ ഗവേഷണ പരിപാടികൾ" എന്നീ വാക്കുകൾ ചേർക്കുക.

(iii) (ഇ) ഇനത്തിൽ "അത്യാധുനിക ഉൽപ്പന്നങ്ങളും" എന്നീ വാക്കുകൾക്കു പകരം "അത്യന്താധുനികമായ ഉൽപ്പന്നങ്ങളും നൂതനവിദ്യകളും" എന്നീ വാക്കുകൾ ചേർക്കുക.

<u>ഖണ്ഡം 5</u>

(i) (എ) ഇനത്തിൽ "അദ്ധ്യാപനം നൽകുക," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "വിവിധ പഠന സ്കൂളുകൾ സ്ഥാപിക്കുക" എന്നീ വാക്കുകൾ ചേർക്കുക.

(ii) (ഡി) ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനം (ഇ) ഇനമായി ചേർക്കേണ്ടതും നിലവിലുള്ള (ഇ) മുതൽ (ഇസഡ്-ഐ) വരെയുള്ള ഇനങ്ങൾ (എഫ്) മുതൽ (ഇസഡ്-ജെ) വരെയുള്ള ഇനങ്ങളായി പുനരക്ഷരം ചെയ്യേണ്ടതുമാണ്.

"(ഇ) സർക്കാരിന്റെ അനുമതിയോടെ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും ഭാരതത്തിന്റെ മറ്റു ഭാഗങ്ങളിലും ഗവേഷണ വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക;".

(iii) പുനരക്ഷരം ചെയ്യപ്പെടുന്ന (ഐ) ഇനത്തിൽ "റെഗുലേറ്ററി ബോഡികളുടെ" എന്നീ വാക്കുകൾക്കു പകരം "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ മുതലായ റെഗുലേറ്ററി ബോഡികളുടെ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്. കൂടാതെ "(ജി)" എന്നതിനു പകരം "(എച്ച്)" എന്നത് ചേർക്കുക.

(iv) പുനരക്ഷരം ചെയ്യപ്പെടുന്ന (എൻ) ഇനത്തിൽ "സാങ്കേതിക വിദ്യകളിലും മാനവിക വിഷയങ്ങളിലും" എന്നീ വാക്കുകൾക്കു പകരം "സാങ്കേതികവിദ്യ, ഇന്റർഡിസിപ്ലിനറി ഇന്നൊവേഷൻ, സംരംഭകത്വം, ലിബറൽ ആർട്സ്, മാനവിക വിഷയങ്ങൾ എന്നിവയിൽ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

(v) പുനരക്ഷരം ചെയ്യപ്പെടുന്ന (ഒ) ഇനത്തിൽ "ബൗദ്ധിക സ്വത്ത് ഉണ്ടാക്കുകയും ധനസമ്പാദനം നടത്തുകയും" എന്നീ വാക്കുകൾക്കു പകരം "ബൗദ്ധിക സ്വത്ത് സൃഷ്ടിക്കുകയും ധനസമാഹരണം നടത്തുകയും " എന്നീ വാക്കുകൾ ചേർക്കുക.

(vi) പുനരക്ഷരം ചെയ്യപ്പെടുന്ന (ഇസഡ്-ഇ) ഇനത്തിൽ "ആളുകളിൽ നിന്ന് സഹായങ്ങളും സംഭാവനകളും ഉപഹാരങ്ങളും" എന്നീ വാക്കുകൾക്ക് പകരം "ആളുകളിൽ നിന്നും, കമ്പനികൾ, സർക്കാർ-സർക്കാരേതര സ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, സർക്കാരേതര സംഘടനകൾ എന്നിവയിൽ നിന്നും സഹായങ്ങളും സംഭാവനകളും ദാനങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

(vii) പുനരക്ഷരം ചെയ്യപ്പെടുന്ന (ഇസഡ്-എഫ്) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനവും ക്ലിപ്ത നിബന്ധനയും ചേർക്കുക.

"(ഇസഡ്-എഫ്) സർവ്വകലാശാലയ്ക്കുവേണ്ടി, ട്രസ്റ്റും എൻഡോവ്മെന്റുകളുമായ വസ്തുക്കൾ ഉൾപ്പെടെയുള്ള സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും കൈകാര്യം ചെയ്യുകയും കൈയൊഴിയുകയും ചെയ്യുക:

എന്നാൽ സർക്കാരിന്റെ സഹായത്തോടെ സ്ഥലം ആർജ്ജിക്കുകയോ കെട്ടിടം പണിയുകയോ ചെയ്ത അപ്രകാരമുള്ള സ്ഥാവര-ജംഗമ വസ്തുക്കൾ കൈവശം വയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും കൈയൊഴിയുകയും ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം ആവശ്യമുള്ളതാകുന്നു;" .

(viii) പുനരക്ഷരം ചെയ്യപ്പെടുന്ന (ഇസഡ്-എച്ച്) ഇനത്തിൽ "അനിവാര്യമായ പരിപാടികൾ തുടങ്ങിവയ്ക്കുക" എന്നീ വാക്കുകൾക്കു പകരം "യുക്തമായ പരിപാടികൾ ആരംഭിക്കുക" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 6

(i) (1)- ാം ഉപഖണ്ഡത്തിൽ "എന്തെങ്കിലും പരിശോധന നടത്തുന്നതോ നിർബന്ധിക്കുന്നതോ നിയമപരമല്ലാത്തതുമാകുന്ന" എന്നീ വാക്കുകൾക്ക് പകരം "പരിശോധന നടത്തുവാനോ നിർബന്ധിക്കുവാനോ പാടില്ലാത്തതാകുന്ന" എന്നീ വാക്കുകൾ ചേർക്കുക.

(ii) (3)-ാം ഉപഖണ്ഡത്തിൽ "പ്രത്യേകിച്ചും പട്ടികജാതിയിലും പട്ടികഗോത്ര വർഗ്ഗത്തിലുംപെടുന്നവർക്കും" എന്ന വാക്കുകൾക്ക് പകരം "പട്ടികജാതിയിലും പട്ടികഗോത്ര വർഗ്ഗത്തിലുംപെടുന്നവർക്കോ," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ഖണ്ഡം 7

(2)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

“ (2) സർവ്വകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായേക്കാവുന്ന എല്ലാ അടിസ്ഥാനസൗകര്യങ്ങളും സ്പോൺസറിംഗ് എന്റിറ്റി ചെയ്തുകൊടുക്കേണ്ടതാണ്.”.

ഖണ്ഡം 11

(i) (1)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(1) വൈസ്-ചാൻസലർ, സാങ്കേതിക വിദ്യ അല്ലെങ്കിൽ സയൻസ് അല്ലെങ്കിൽ എഞ്ചിനീയറിംഗ് അല്ലെങ്കിൽ മാനേജ്മെന്റ് രംഗത്തെ ഒരു പണ്ഡിത ശ്രേഷ്ഠനും ഒരു ഉന്നത പഠന സ്ഥാപനത്തിൽ ഭരണപരിചയവും ഉള്ള ആളായിരിക്കേണ്ടതാണ്. കൂടാതെ ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയിൽ പ്രൊഫസർ എന്ന നിലയിൽ ചുരുങ്ങിയത് പത്ത് വർഷത്തെ പ്രവർത്തന പരിചയമോ അല്ലെങ്കിൽ പ്രശസ്തമായ ഒരു റിസർച്ച് അല്ലെങ്കിൽ അക്കാഡമിക് അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ഓർഗനൈസേഷനിൽ തത്തുല്യമായ വിധത്തിൽ പ്രവർത്തന പരിചയമോ ഉള്ള ആളുമായിരിക്കേണ്ടതാണ്.".

(ii) (3)-ാം ഉപഖണ്ഡത്തിൽ, (എ) മുതൽ (ഇ) വരെയുള്ള ഇനങ്ങൾക്ക് പകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക.

"(എ) സംസ്ഥാന ചീഫ് സെക്രട്ടറി, അദ്ദേഹം കമ്മിറ്റിയുടെ കൺവീനറായിരിക്കുന്നതാണ് ;

(ബി) ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വ്യവസായ രംഗത്തു നിന്നുള്ള ഒരു വിദഗ്ദ അംഗം;

(സി) ബോർഡ് ഓഫ് ഗവർണേഴ്സ് സെലക്ട് ചെയ്യുന്ന പഠന ഗവേഷണ രംഗത്ത് നിന്നുള്ള ഒരു വിദഗ്ദ അംഗം;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ; കൂടാതെ

(ഇ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ.".

(iii) (3)-ാം ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (4)-ാം ഉപഖണ്ഡമായി ചേർക്കേണ്ടതും തുടർന്നുള്ള ഉപഖണ്ഡങ്ങൾ പുനരക്കം ചെയ്യേണ്ടതുമാണ്.

"(4) വൈസ്-ചാൻസലറുടെ ഒഴിവ് ഉണ്ടാകുന്നതിന് സാധ്യതയുള്ള തീയതിക്ക് കുറഞ്ഞത് മൂന്ന് മാസം മുമ്പെങ്കിലും പാനൽ തയ്യാറാക്കുന്ന നടപടി തുടങ്ങിയിരിക്കേണ്ടതും ചാൻസലർ നിശ്ചയിച്ച സമയപരിധിയ്ക്കുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്. എന്നിരുന്നാലും, ചാൻസലർക്ക്, അനിവാര്യമായ സാഹചര്യങ്ങളിൽ അങ്ങനെ ചെയ്യുന്നത് ആവശ്യമാണെങ്കിൽ അപ്രകാരമുള്ള സമയപരിധി ദീർഘിപ്പിക്കാവുന്നതാണ്. എന്നിരുന്നാലും, അങ്ങനെ ദീർഘിപ്പിച്ച കാലയളവ് ഉൾപ്പെടെ മൂന്നു മാസത്തിനകം പാനൽ തയ്യാറാക്കുന്ന നടപടി പൂർത്തിയാക്കേണ്ടതാണ്. വ്യവസ്ഥ ചെയ്ത പ്രകാരം ഏകകണ്ഠമായ ശിപാർശ ചെയ്യുവാൻ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി പരാജയപ്പെടുന്ന സംഗതിയിൽ, കമ്മിറ്റിയിലെ ഓരോ അംഗത്തിനും ഒരാളുടെ പേര് വീതം ചാൻസലർക്ക് സമർപ്പിക്കാവുന്നതാണ്. കമ്മിറ്റിയിലെ ഏതെങ്കിലും ഒരംഗം പേര് സമർപ്പിക്കാതിരിക്കുന്നത് വൈസ് -ചാൻസലറുടെ നിയമനം അസാധുവാക്കുന്നതല്ല.".

(iv) പുനരക്കം ചെയ്യപ്പെടുന്ന (7)-ാം ഉപഖണ്ഡത്തിൽ,—

(i) " അത്തരം അധികാരസ്ഥാനത്തിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്" എന്നീ വാക്കുകൾക്ക് പകരം " ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ സാധൂകരണത്തിനായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ് " എന്നീ വാക്കുകൾ ചേർക്കുക.

(ii) ക്ലിപ്തനിബന്ധനയിൽ " ജനറൽ കൗൺസിലിൽ അപ്പീൽ നൽകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അതേത്തുടർന്ന് ജനറൽ കൗൺസിലിന് വൈസ്-ചാൻസലർ എടുത്ത നടപടി" എന്നീ വാക്കുകൾക്കു പകരം " ചാൻസലർ മുമ്പാകെ അപ്പീൽ നൽകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അതേ തുടർന്ന് ചാൻസലറിന് വൈസ്- ചാൻസലർ എടുത്ത നടപടി" എന്നീ വാക്കുകൾ ചേർക്കുക.

(v) പുനരക്കം ചെയ്ത (10)-ാം ഉപഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (11)-ാം ഉപഖണ്ഡമായി ചേർക്കുക.

“ (11) ഏതെങ്കിലും വിഷയം സ്റ്റാറ്റ്യൂട്ടുകളോ റെഗുലേഷനുകളോ മുഖേന ക്രമപ്പെടുത്തേണ്ട ആവശ്യമുണ്ടായിരിക്കുകയും എന്നാൽ അക്കാര്യത്തിനായി സ്റ്റാറ്റ്യൂട്ടുകളോ റെഗുലേഷനുകളോ ഉണ്ടാക്കിയിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, തൽസമയം ആവശ്യമാണെന്ന് വൈസ്-ചാൻസലർ കരുതുന്ന അത്തരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ട് വിഷയം ക്രമപ്പെടുത്തേണ്ടതും അതിനുശേഷം കഴിയുന്നത്ര വേഗം അംഗീകാരത്തിനായി അവ ബോർഡ് ഓഫ് ഗവർണേഴ്സിനോ മറ്റ് അധികാരസ്ഥാനത്തിനോ ബന്ധപ്പെട്ട നികായത്തിനോ സമർപ്പിക്കേണ്ടതുമാണ്.” .

ഖണ്ഡം 12

"വൈസ്-ചാൻസലർ” എന്ന വാക്കിനു പകരം "ബോർഡ് ഓഫ് ഗവർണേഴ്സ്” എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 13

"രജിസ്ട്രാർ" എന്ന വാക്കിനു ശേഷം “, സ്റ്റാറ്റ്യൂട്ടുകളാൽ” എന്ന വാക്കും ചിഹ്നവും ചേർക്കുക.

ഖണ്ഡം 14

(2)-ാം ഉപഖണ്ഡത്തിൽ "പരീക്ഷാ കൺട്രോളർ” എന്ന വാക്കിനു ശേഷം “, സ്റ്റാറ്റ്യൂട്ടുകളാൽ " എന്ന വാക്കും ചിഹ്നവും ചേർക്കുക.

ഖണ്ഡം 15

“കർത്തവ്യങ്ങളും” എന്ന വാക്കിനു ശേഷം "സ്റ്റാറ്റ്യൂട്ടുകളാൽ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 17

(i) (1)-ാം ഉപഖണ്ഡത്തിൽ "പതിനൊന്നിൽ അധികരിക്കാത്ത” എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിയെട്ടിൽ അധികരിക്കാത്ത" എന്ന വാക്കുകൾ ചേർക്കുക.

(ii) (2)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

“(2) ജനറൽ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) ചാൻസലർ - ചെയർപേഴ്സൺ;

(ii) പ്രോ-ചാൻസലർ - വൈസ് - ചെയർപേഴ്സൺ;

(iii) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി -അംഗം;

(iv) നിയമസഭാ സാമാജികർ, അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ - അംഗങ്ങൾ;

(v) ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ചെയർപേഴ്സൺ -അംഗം;

(vi) വൈസ്-ചാൻസലർ-അംഗം;

(vii) വൈസ്-ചാൻസലർ, എ.പി.ജെ.അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല, കേരള -എക്സ്-ഒഫീഷ്യോ അംഗം;

(viii) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നുള്ള ഒരു മുതിർന്ന പ്രതിനിധി-അംഗം;

(ix) വിവരസാങ്കേതികവിദ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്-ഒഫീഷ്യോ അംഗം;

(x) ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്-ഒഫീഷ്യോ അംഗം;

(xi) ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്-ഒഫീഷ്യോ അംഗം;

(xii) കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ-എക്സ്-ഒഫീഷ്യോ അംഗം;

(xiii) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാലക്കാട്-എക്സ്-ഒഫീഷ്യോ അംഗം;

(xiv) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട്-എക്സ്-ഒഫീഷ്യോ അംഗം;

(xv) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, തിരുവനന്തപുരം-എക്സ്-ഒഫീഷ്യോ അംഗം;

(xvi) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം-എക്സ്-ഒഫീഷ്യോ അംഗം;

(xvii) ഡയറക്ടർ, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി-എക്സ്-ഒഫീഷ്യോ അംഗം;

(xviii) ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ-ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം-എക്സ്-ഒഫീഷ്യോ അംഗം;

(xix) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് പ്രമുഖ വ്യക്തികൾ, അവരിൽ മൂന്നു പേർ വിവര-സാങ്കേതിക വിദ്യയിലോ അനുബന്ധ മേഖലകളിലോ അല്ലെങ്കിൽ വ്യവസായരംഗത്ത് മാനേജിംഗ് ഡയറക്ടർ പദവിയിലോ അതിനു മുകളിലോ ഉള്ള പദവി വഹിക്കുന്ന അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന വ്യക്തികളും, ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോപെട്ടയാളും ഒരാൾ വനിതയും ഒരാൾ ഒരു സംരംഭകനും ആയിരിക്കേണ്ടതാണ്-അംഗങ്ങൾ;

(xx) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫാക്കൽറ്റി അംഗങ്ങൾ - അംഗങ്ങൾ;

(xxi) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് വിദ്യാർത്ഥികൾ - അംഗങ്ങൾ.".

<u>ഖണ്ഡം 18</u>

(i) (1) -ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (1) ബോർഡ് ഓഫ് ഗവർണേഴ്സിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) വിവരസാങ്കേതിക വ്യവസായരംഗത്ത് ഗണ്യമായ അനുഭവ സമ്പത്തുള്ളതും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതുമായ രാജ്യാന്തര മികവുള്ള ഒരു വിദഗ്ധൻ-ചെയർപേഴ്സൺ;

(ii) വൈസ്-ചാൻസലർ - വൈസ് ചെയർപേഴ്സൺ;

(iii) നിയമസഭാ സാമാജികർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം-അംഗം;

(iv) വൈസ്-ചാൻസലർ, എ.പി.ജെ.അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല, കേരള -എക്സ്-ഒഫീഷ്യോ അംഗം;

(v) വിവരസാങ്കേതികവിദ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്-ഒഫീഷ്യോ അംഗം;

(vi) ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്-ഒഫീഷ്യോ അംഗം;

(vii) ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി - എക്സ്-ഒഫീഷ്യോ അംഗം ;

(viii) കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ - എക്സ്-ഒഫീഷ്യോ അംഗം;

(ix) ഭാരത സർക്കാരിന്റെ ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും മന്ത്രാലയത്തിന്റെ ഒരു പ്രതിനിധി - എക്സ്-ഒഫീഷ്യോ അംഗം;

(x) ഭാരത സർക്കാരിന്റെ ശാസ്ത്ര-സാങ്കേതിക വകുപ്പിൽ നിന്നുള്ള ഒരു പ്രതിനിധി - എക്സ്-ഒഫീഷ്യോ അംഗം;

(xi) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാലക്കാട് - എക്സ്-ഒഫീഷ്യോ അംഗം;

(xii) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, എഡ്യുക്കേഷൻ ആന്റ് റിസർച്ച്, തിരുവനന്തപുരം - എക്സ്-ഒഫീഷ്യോ അംഗം;

(xiii) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം - എക്സ്-ഒഫീഷ്യോ അംഗം;

(xiv) ഡയറക്ടർ, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി - എക്സ്-ഒഫീഷ്യോ അംഗം;

(xv) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് - എക്സ്-ഒഫീഷ്യോ അംഗം;

(xvi) ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ-ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം - എക്സ്-ഒഫീഷ്യോ അംഗം;

(xvii) വൈസ് ചാൻസലർ സമർപ്പിക്കുന്ന, വിദ്യാഭ്യാസം, ഗവേഷണം, വിവരസാങ്കേതികവിദ്യയും പ്രയോഗവും, അതിന്റെ അനുബന്ധ വിജ്ഞാനശാഖകൾ എന്നീ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള നാലു വിദഗ്ധരുടെ പാനലിൽ നിന്നും രണ്ടു പേരും, ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന പ്രസ്തുത മേഖലകളുമായി ബന്ധപ്പെട്ട രണ്ട് വിദഗ്ധരും - അംഗങ്ങൾ;

(xviii) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ രണ്ട് പ്രൊഫസർമാർ - അംഗങ്ങൾ;

(xix) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാർത്ഥി - അംഗം"

(ii) (3)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (3) സർവ്വകലാശാലയുടെ ആദ്യ ബോർഡ് ഓഫ് ഗവർണേഴ്സിനെ സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി നിയമിക്കേണ്ടതാണ്.".

ഖണ്ഡം 19

(i) (3)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (3) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 18-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം വഴി ബോർഡ് ഓഫ് ഗവർണേഴ്സിൽ അംഗങ്ങളാകുന്നവർ, ഔദ്യാഗിക സ്ഥാനം ഒഴിയുന്ന സംഗതിയിൽ, അയാളുടെ സ്ഥാനത്തു മറ്റൊരാൾ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതുവരെയോ അല്ലെങ്കിൽ മൂന്ന് മാസം വരെയോ ഏതാണോ ആദ്യം അതുവരെ അയാൾ അംഗമായി തുടരേണ്ടതാണ്." .

(ii) (4)-ാം ഉപഖണ്ഡത്തിൽ "വ്യവസ്ഥ ചെയ്യാവുന്ന" എന്നീ വാക്കുകൾക്ക് പകരം "വ്യവസ്ഥ ചെയ്യുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 20

(i) (1)-ാം ഉപഖണ്ഡത്തിൽ "അവലോകനം ചെയ്യുന്നതിന്" എന്നീ വാക്കുകൾക്ക് ശേഷം "അതിന്" എന്ന വാക്ക് ചേർക്കുക.

(ii) (2)-ാം ഉപഖണ്ഡത്തിന്റെ (ii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(ii) പഠന സ്കൂളുകൾ സ്ഥാപിക്കുകയും പഠന കോഴ്സുകൾ നിശ്ചയിക്കുകയും പ്രവേശന മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും സ്വതന്ത്രമായ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക;".

(iii) (2)-ാം ഉപഖണ്ഡത്തിന്റെ (vii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(vii) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട്, വാർഷിക കണക്കുകൾ, അതിന് അനുയോജ്യമെന്ന് കരുതുന്ന, സർവ്വകലാശാലയുടെ വികസനരൂപരേഖയെ കുറിച്ചുള്ള പ്രസ്താവനയോടുകൂടിയ, അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് എന്നിവ പരിഗണിക്കുകയും പാസ്സാക്കുകയും; കൂടാതെ"

(iv) (3)-ാം ഉപഖണ്ഡത്തിൽ "തോന്നുന്ന" എന്ന വാക്കിനു പകരം "കരുതുന്ന" എന്ന വാക്ക് ചേർക്കുക.

(v) (4)-ാം ഉപഖണ്ഡത്തിൽ "കുറഞ്ഞത് നാല് തവണ" എന്നതിനു പകരം "കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 21

(1)-ാം ഉപഖണ്ഡത്തിന്റെ (ii)-ാം ഇനത്തിൽ "സർവ്വകലാശാലയ്ക്കകത്ത് പഠനത്തിന്റെയും അദ്ധ്യാപനത്തിന്റെയും" എന്നീ വാക്കുകൾക്കു പകരം "സർവ്വകലാശാലയ്ക്കുള്ളിൽ ബോധനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 22

(i) (1)-ാം ഉപഖണ്ഡത്തിന്റെ (ii)-ാം ഇനത്തിൽ ", അവരിലൊരാൾ ഒരു പ്രൊഫസർ ആയിരിക്കണം" എന്നീ ചിഹ്നവും വാക്കുകളും ഒഴിവാക്കുക.

(ii) (2)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (2) വൈസ്-ചാൻസലർ ഒഴികെ, ബോർഡ് ഓഫ് ഗവർണേഴ്സിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട, ഫൈനാൻസ് കമ്മിറ്റിയിലെ അംഗങ്ങൾ, അവർ ബോർഡ് ഓഫ് ഗവർണേഴ്സിലെ അംഗങ്ങളായി തുടരുന്നിടത്തോളമോ അല്ലെങ്കിൽ രണ്ട് വർഷക്കാലത്തേക്കോ, ഏതാണോ ആദ്യം, അതുവരെ ഔദ്യോഗിക പദവി വഹിക്കേണ്ടതാണ്.".

ഖണ്ഡം 23

(1)-ാം ഉപഖണ്ഡത്തിന്റെ (ii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക.

" (ii) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നിയമിക്കുന്ന ശാസ്ത്രം, സാങ്കേതികവിദ്യ, മാനവിക വിഷയങ്ങൾ എന്നീ രംഗങ്ങളിൽ നിന്നുള്ള മൂന്ന് അക്കാഡമിക വിദഗ്ദ്ധർ;"

ഖണ്ഡം 24

(1)-ാം ഉപഖണ്ഡത്തിന്റെ (iv)-ാം ഇനത്തിൽ, " സാങ്കേതികവിദ്യ" എന്ന വാക്കിനു ശേഷം ", ഇന്റർഡിസിപ്ലിനറി ഇന്നോവേഷൻ, ലിബറൽ ആർട്സ്" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഖണ്ഡം 26

(i) (i)-ാം ഇനത്തിൽ "തോന്നിയേക്കാവുന്ന" എന്ന വാക്കിനുപകരം "കരുതുന്ന" എന്ന വാക്ക് ചേർക്കുക.

(ii) (vi)-ാം ഇനത്തിൽ "മറ്റ് യൂണിവേഴ്സിറ്റികളിൽ" എന്നീ വാക്കുകൾക്കു പകരം "മറ്റ് യൂണിവേഴ്സിറ്റികളിലോ ദേശീയ തലത്തിലുള്ള സ്ഥാപനങ്ങളിലോ" എന്നീ വാക്കുകൾ ചേർക്കുക.

(iii) (vii)-ാം ഇനത്തിൽ "ആരംഭിക്കലും" എന്ന വാക്കിനു പകരം "ഏർപ്പെടുത്തലും" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 30

(2)-ാം ഉപഖണ്ഡത്തിൽ "തീരുമാനിച്ചേക്കാവുന്ന പ്രകാരം" എന്നതിനു പകരം "തീരുമാനിക്കുന്ന പ്രകാരം" എന്നത് ചേർക്കുക.

ഖണ്ഡം 34

" കോ-ഓപ്റ്റ് ചെയ്യപ്പെട്ടതോ" എന്ന വാക്കുകൾ ഒഴിവാക്കുക.

ഖണ്ഡം 35

(i) മാർജിനൽ ശീർഷകത്തിലും ഖണ്ഡത്തിലും എവിടെയെല്ലാം "താൽക്കാലിക" എന്ന വാക്ക് പ്രയോഗിച്ചിട്ടുണ്ടോ അവിടെയെല്ലാം "ആകസ്മിക" എന്ന വാക്ക് ചേർക്കുക.

(ii) പ്രസ്തുത ഖണ്ഡത്തിൽ പ്രയോഗിച്ചിട്ടുള്ള "കോ-ഓപ്റ്റ് ചെയ്യുകയോ", "കോ-ഓപ്റ്റ് ചെയ്യപ്പെടുകയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ഖണ്ഡം 40

(i) 40-ാം ഖണ്ഡം ഒഴിവാക്കേണ്ടതും ശേഷിക്കുന്ന ഖണ്ഡങ്ങൾ പുനരക്കം ചെയ്യേണ്ടതുമാണ്.

(ii) അപ്രകാരം പുനരക്കം ചെയ്യപ്പെടുന്ന 41-ാം ഖണ്ഡത്തിൽ "80" എന്ന അക്കങ്ങൾക്കു പകരം "113" എന്ന അക്കങ്ങൾ ചേർക്കുക.

4. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

5. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

പിണറായി വിജയൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2021 സെപ്റ്റംബർ 29.

അനുബന്ധം-I

## വിയോജനക്കുറിപ്പ്

ഡിജിറ്റൽ ശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലും മാനവിക വിഷയങ്ങളുടെ പ്രയോഗങ്ങളിലും ഉന്നതനിലവാരത്തിലുള്ള അദ്ധ്യാപനത്തിനും നൂതന ഗവേഷണങ്ങൾക്കുമായി ഒരു സർവ്വകലാശാല എന്ന രീതിയിലാണ് ഡിജിറ്റൽ സർവ്വകലാശാലയെ വിഭാവനം ചെയ്തിരിക്കുന്നത്. നിലവിലുള്ള സാങ്കേതിക സർവ്വകലാശാലയിലും, കുസാറ്റിലും ഇതിനുള്ള എല്ലാ അവസരങ്ങളുമുള്ളപ്പോൾ മറ്റൊരു സർവ്വകലാശാല കൂടി രൂപീകരിക്കാനാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

സംസ്ഥാനത്തിന്റെ സാങ്കേതിക ശാസ്ത്ര സംബന്ധമായ നയ രൂപീകരണത്തിനും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ ആസൂത്രണത്തിനും നേതൃത്വം നൽകുക, എഞ്ചിനീയറിംഗ് ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിൽ ദേശീയവും അന്തർദ്ദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള നോഡൽ ഏജൻസി ആയി പ്രവർത്തിക്കുക, മേല്പറഞ്ഞ മേഖലകളിൽ മൾട്ടി ഡിസിപ്ലിനറി അപ്ലൈഡ് ഗവേഷണത്തിനായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പിന്തുണ നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെ രൂപീകരിച്ച സാങ്കേതിക സർവ്വകലാശാല ആക്ടിലെ വ്യവസ്ഥകൾക്ക് സമാനമായ വ്യവസ്ഥകളോടെ ഒരേ അധികാരപരിധിയിൽ പ്രവർത്തിക്കുവാൻ വേണ്ടിയാണ് ഡിജിറ്റൽ സർവ്വകലാശാലയും ലക്ഷ്യമിടുന്നത് എന്നാണ് ബില്ലിൽ നിന്നും മനസ്സിലാക്കുന്നത്.

2014-ൽ ആരംഭിച്ച സാങ്കേതിക സർവ്വകലാശാലയ്ക്ക് സ്വന്തമായി ക്യാമ്പസും സ്ഥിരം ഫാക്കൽട്ടിയുമില്ലാത്തതുകൊണ്ട് UGC യുടെ ധനസഹായം നാളിതുവരെ അനുവദിച്ചിട്ടില്ല. ഒരു പുതിയ സർവ്വകലാശാല ആരംഭിക്കുമ്പോൾ സ്ഥലം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കേണ്ട ബാധ്യത സർക്കാരിനുള്ളതാണ്. എന്നാൽ അതുപോലും നിറവേറ്റാൻ സാധിക്കാത്ത സാഹചര്യത്തിലാണ് സാങ്കേതിക സർവ്വകലാശാലയ്ക്കു തന്നെ നടപ്പാക്കാൻ കഴിയുന്ന മേഖലയിലുള്ള വിഷയങ്ങൾക്കായി ഓർഡിനൻസിലൂടെ മറ്റൊരു സർവ്വകലാശാല രൂപീകരിച്ചത്.

കമ്പനി ആക്ട് അനുസരിച്ച് കഴിഞ്ഞ 20 വർഷമായി പ്രവർത്തിക്കുന്ന IIITM(K) (The Indian Institute of Information Technology and Management Kerala) യെ സ്പോൺസറിംഗ് സ്ഥാപനമാക്കിയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിച്ചിരിക്കുന്നതെന്ന് മാത്രമാണ് ബില്ലിൽ പറയുന്നത്. പ്രസ്തുത കമ്പനിയെ യൂണിവേഴ്സിറ്റിയാക്കിയതാണോ, തുടർന്നും കമ്പനി നിലനിൽക്കുമോ എന്ന് വ്യക്തമാക്കിയിട്ടില്ല.

എന്നാൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറെ തിരഞ്ഞെടുക്കുന്ന സമിതിയിലും ജനറൽ കൗൺസിലിലും ഈ കമ്പനിയുടെ പ്രതിനിധി ഉണ്ടാകുമെന്ന് നിയമത്തിൽ വ്യക്തമാക്കിയിരിക്കുന്നതിൽ നിന്ന് കമ്പനി തുടരുമെന്ന് അനുമാനിക്കേണ്ടതുണ്ട്. അതായത് ഒരു കമ്പനി നിയന്ത്രിക്കുന്ന സർവ്വകലാശാല ആയാണ് ബിൽ പ്രകാരം ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ മനസ്സിലാക്കാൻ സാധിക്കുന്നത്.

Companies Act 1956-ലെ സെക്ഷൻ 25 പ്രകാരമാണ് (പുതിയ നിയമത്തിലെ വകുപ്പ് 8) IIITM(K) എന്ന സ്ഥാപനം രൂപീകരിച്ചിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തെ സ്പോൺസറിംഗ് എന്റിറ്റി ആക്കിയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത്. സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള ഭൂമിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഈ സ്ഥാപനം കൈമാറ്റം ചെയ്തു കൊടുക്കുമെന്നാണ് ബില്ലിലെ വകുപ്പ് 7(2) പറയുന്നത്. കമ്പനി ആക്ട് അനുസരിച്ച് ഇപ്രകാരം ആസ്തികൾ ട്രാൻസ്ഫർ ചെയ്യാൻ കഴിയില്ല. ലാഭം മാത്രമേ ഷെയർ ചെയ്യാൻ സാധിക്കുകയുള്ളൂ. കമ്പനി നിലനിൽക്കുകയും ആസ്തികൾ ഡിജിറ്റൽ സർവ്വകലാശാലയിലേക്ക് കൈമാറുകയും ചെയ്യുമ്പോൾ കമ്പനി നിയമത്തിലെ വ്യവസ്ഥകളുമായി ബില്ലിലെ വകുപ്പ് 7(2) യോജിക്കുന്നുണ്ടോ എന്ന കാര്യത്തിൽ വ്യക്തത ആവശ്യമാണ്.

ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറെ തിരഞ്ഞെടുക്കുന്ന സമിതിയിലും ജനറൽ കൗൺസിലിലും ഈ കമ്പനിയുടെ പ്രതിനിധികൾ ഉണ്ടാകുമെന്നാണ് ബില്ലിലെ വകുപ്പ് 11(3) വ്യവസ്ഥ ചെയ്തിട്ടുള്ളത്. സർക്കാർ നിയമം വഴി സ്ഥാപിക്കുന്നതും ബഹുമാനപ്പെട്ട ഗവർണർ ചാൻസലർ ആയതുമായ സർവ്വകലാശാലയിൽ ഒരു കമ്പനിയുടെ ഡയറക്ടർമാർ വൈസ് ചാൻസലറെ തിരഞ്ഞെടുക്കുന്ന സമിതിയിൽ ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ AICTE-യുടെ പ്രതിനിധികളെ ഈ സമിതിയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇത് അഭികാമ്യമല്ല. ഈ കാര്യത്തിലും വ്യക്തത ആവശ്യമുണ്ട്.

ബില്ലിലെ വകുപ്പ് 26 (iv) അദ്ധ്യാപകർ ഉൾപ്പെടെയുള്ളവരുടെ നിയമന രീതി സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്യണമെന്ന് പരാമർശിക്കുന്നു. യു.ജി.സി. ഗൈഡ് ലൈനിന് അനുസൃതമായി മാത്രമാണ് ഇക്കാര്യത്തിൽ വ്യവസ്ഥ രൂപീകരിക്കാൻ സാധിക്കുക. എന്നാൽ ഓർഡിനൻസ് പ്രകാരം സ്ഥാപിതമായ ഈ സർവ്വകലാശാലയിൽ IIITM(K)-യിലെ യു.ജി.സി. ക്വാളിഫിക്കേഷൻ ഇല്ലാത്തവരെ അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ട്. യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ ഇല്ലാത്തവരെ എങ്ങനെയാണ് ഒരു സർവ്വകലാശാലയുടെ അദ്ധ്യാപകരായി നിയമിക്കാൻ കഴിയുക എന്നത് പരിശോധിക്കേണ്ട കാര്യമാണ്. ആയതിനാൽ വകുപ്പ് 26 (iv) യു.ജി.സി. ആക്ട് പ്രകാരമുള്ള റെഗുലേഷനുകൾക്ക് വിരുദ്ധമായ വ്യവസ്ഥയാണോ എന്നതിനും വ്യക്തത ആവശ്യമാണ്.

IIITM(K) നടത്തുന്ന കോഴ്സുകൾക്ക് CUSAT അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ഇവിടുള്ള ഫാക്കൽട്ടികൾക്ക് അപ്രകാരം അംഗീകാരം നൽകിയിട്ടില്ല. IIITM(K) എന്ന കമ്പനി നേരിട്ട് നിയമിച്ചിട്ടുള്ളവരും അദ്ധ്യാപകരാകാൻ വേണ്ട യോഗ്യത ഇല്ലാത്തവരുമായ ആളുകളെയാണ് സ്പോൺസറിംഗ് എന്റിറ്റിയുടെ പേരിൽ യൂണിവേഴ്സിറ്റി അദ്ധ്യാപകരായി മാറ്റിയിരിക്കുന്നത്. ഇത് യു.ജി.സി. ഗൈഡ്‌ലൈനിനു വിരുദ്ധമാണ്. ഡിജിറ്റൽ സർവ്വകലാശാലയിലെ നിയമനങ്ങൾക്കുള്ള ഒരു റിക്രൂട്ടിങ് ഏജൻസി ആയി IIITM(K) മാറുന്ന സാഹചര്യമാണ് സംജാതമായിട്ടുള്ളത്.

യൂണിവേഴ്സിറ്റി എന്ന ആശയത്തെ വിശാല അർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ട് സാങ്കേതിക സർവ്വകലാശാല ഉൾപ്പെടെ നിലവിലുള്ള സർവ്വകലാശാലകളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് ഉചിതം. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായ സമീപനമാണ് ഡിജിറ്റൽ സർവ്വകലാശാല രൂപീകരിക്കാനുള്ള കരട് ബില്ലിലൂടെ സർക്കാർ മുന്നോട്ട് വച്ചിട്ടുള്ളത്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ബില്ലിലെ വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

വി. ഡി. സതീശൻ (ഒപ്പ്)

പി. കെ. കുഞ്ഞാലിക്കുട്ടി (ഒപ്പ്)

അനുബന്ധം-II

# 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചിരിക്കുന്നതും വശത്തു വരച്ചതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്രചിഹ്നം ഒഴിവാക്കലിനെയും സൂചിപ്പിക്കുന്നു.]

ഡിജിറ്റൽ സാങ്കേതികവിദ്യയിലും അതിന്റെ പ്രയോഗരംഗങ്ങളിലും പഠനം, ഗവേഷണം, തൊഴിൽപ്രാപ്തി, വിജ്ഞാനവ്യാപനം എന്നിവ സുഗമമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗങ്ങളിലും അനുബന്ധമേഖലകളിലും മികവ് കൈവരിക്കുന്നതിനുമായി കേരള സംസ്ഥാനത്ത് നോൺ-അഫിലിയേറ്റിംഗ് ആയ ഒരു ശിക്ഷണ-ഗവേഷണ സർവ്വകലാശാല സ്ഥാപിക്കുന്നതിനും ഏകാംഗീകൃതമാക്കുന്നതിനുമുള്ള

ഒരു

ബിൽ

പീഠിക.—പരിശീലനം സിദ്ധിച്ച സാങ്കേതികവിദഗ്ദ്ധരെയും വിദ്യാഭ്യാസ വിചക്ഷണരെയും സജ്ജമാക്കുന്നതിനും, നോളേജ് എക്കോസിസ്റ്റത്തിന്റെ അഭിവൃദ്ധിയിൽ നേതൃപരമായ പങ്കുവഹിക്കുവാൻ സംസ്ഥാന സർക്കാരിനെ പിന്തുണയ്ക്കുന്നതിനും, ഇ-ഗവേണൻസിന് സഹായകമാകുന്നതിനും കയർ, നാണ്യവിളകൾ, കൃഷി, മത്സ്യബന്ധനം എന്നിവ പോലെയുള്ള സംസ്ഥാനത്തിന്റെ പരമ്പരാഗത വ്യവസായങ്ങൾക്കും നൂതന വ്യവസായങ്ങൾക്കും അവയുടെ പരിശീലനം, ഗവേഷണം, പ്രയോഗം എന്നിവയിലൂടെ സാങ്കേതികവിദ്യാധിഷ്ഠിത പരിപാലനത്തിന് സഹായമുറപ്പാക്കുന്നതിനും വേണ്ടി കേരള സംസ്ഥാനത്ത് ഡിജിറ്റൽ ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും മാനവിക വിഷയങ്ങളുടെ പ്രയോഗങ്ങളിലും ഉന്നത നിലവാരത്തിലുള്ള അദ്ധ്യാപനത്തിനും നൂതന ഗവേഷണ പരിപാടികൾക്കുമായി ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനും ഏകാംഗീകൃതമാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടതും യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

അദ്ധ്യായം 1

**പ്രാരംഭം**

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റ് എന്ന് പേരു പറയാം.

(2) ഇത് 2020 ജൂലൈ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "അക്കാഡമിക സ്റ്റാഫ്" എന്നാൽ സർവ്വകലാശാലയുടെ അക്കാഡമിക സ്റ്റാഫ് ആയി സ്റ്റാറ്റ്യൂട്ടുകളാൽ നിയോഗിക്കപ്പെട്ട അത്തരം വിഭാഗങ്ങളിൽപ്പെട്ട സ്റ്റാഫ് എന്നർത്ഥമാകുന്നു;

(ബി) "ഡയറക്ടർ ബോർഡ്" എന്നാൽ സർവ്വകലാശാലയുടെ സ്പോൺസറിംഗ് എന്റിറ്റി ആയി 7-ാം വകുപ്പിൽ വിവരിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരളയുടെ ഡയറക്ടർ ബോർഡ് എന്നർത്ഥമാകുന്നു;

(സി) "ബോർഡ് ഓഫ് ഗവർണേഴ്സ്" എന്നാൽ 18-ാം വകുപ്പിൽ കീഴിൽ രൂപവൽക്കരിച്ച സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സ് എന്നർത്ഥമാകുന്നു;

(ഡി) "ക്യാംപസ്" എന്നാൽ അദ്ധ്യാപനത്തിനോ ഗവേഷണത്തിനോ രണ്ടിനും കൂടിയോ വേണ്ടി സജ്ജീകരണങ്ങൾ ഒരുക്കുന്നതിനായി സർവ്വകലാശാലയാൽ സ്ഥാപിക്കപ്പെടുകയോ രൂപവൽക്കരിക്കപ്പെടുകയോ ചെയ്തിട്ടുള്ള ഒരു ഇടം എന്നർത്ഥമാകുന്നു;

(ഇ) "ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ ചാൻസലർ എന്നർത്ഥമാകുന്നു;

(എഫ്) "കമ്പനി" എന്നാൽ 1956-ലെ കമ്പനീസ് ആക്റ്റിൻ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) കീഴിൽ കേരള സർക്കാർ സ്ഥാപിച്ചിട്ടുള്ള ഒരു കമ്പനിയായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള എന്നർത്ഥമാകുന്നു;

(ജി) "കൗൺസിൽ" എന്നാൽ 17-ാം വകുപ്പിൻ കീഴിൽ രൂപവത്കരിച്ച സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ എന്നർത്ഥമാകുന്നു;

(എച്ച്) "ഡീൻ" എന്നാൽ സർവ്വകലാശാലയുടെ ഡീൻ എന്നർത്ഥമാകുന്നു;

(ഐ) "ഫണ്ട്" എന്നാൽ 30-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന സർവ്വകലാശാല ഫണ്ട് എന്നർത്ഥമാകുന്നു;

(ജെ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

[***]

(കെ) "ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിലെ 3-ാം അദ്ധ്യായത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള, സർവ്വകലാശാലയുടെ ഒരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകളാൽ ഒരു ഉദ്യോഗസ്ഥനായി നിയോഗിക്കപ്പെട്ട മറ്റേതെങ്കിലും ആളോ എന്നർത്ഥമാകുന്നു;

(എൽ) "ഉത്തരവ്" എന്നാൽ സർവ്വകലാശാല പുറപ്പെടുവിച്ച ഉത്തരവ് എന്നർത്ഥമാകുന്നു;

(എം) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട സ്റ്റാറ്റ്യൂട്ടുകളാലും റെഗുലേഷനുകളാലും നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എൻ) "പ്രോ-ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ പ്രോ-ചാൻസലർ എന്നർത്ഥമാകുന്നു;

(ഒ) "റെഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട സർവ്വകലാശാലയുടെ റെഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(പി) "പട്ടികജാതികൾ" എന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിന്റെ (24)-ാം ഖണ്ഡത്തിൽ അതിനു നൽകിയിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്;

(ക്യൂ) "പട്ടികഗോത്രവർഗ്ഗങ്ങൾ" എന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിന്റെ (25)-ാം ഖണ്ഡത്തിൽ അതിനു നൽകിയിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്;

(ആർ) "സ്കൂൾ" എന്നാൽ സർവ്വകലാശാല സ്ഥാപിച്ച പഠനസ്കൂൾ എന്നർത്ഥമാകുന്നു;

(എസ്) "സെനറ്റ്" എന്നാൽ 21-ാം വകുപ്പിൻ കീഴിൽ രൂപവത്കരിച്ചിട്ടുള്ള സർവ്വകലാശാലയുടെ സെനറ്റ് എന്നർത്ഥമാകുന്നു;

(റ്റി) "സ്പോൺസറിംഗ് എന്റിറ്റി" എന്നാൽ 7-ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന സ്പോൺസറിംഗ് എന്റിറ്റി എന്നർത്ഥമാകുന്നു;

(യു) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(വി) "സ്റ്റാറ്റ്യൂട്ടുകൾ" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് സർവ്വകലാശാല ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകൾ എന്നർത്ഥമാകുന്നു;

(ഡബ്ല്യൂ) "വിദ്യാർത്ഥി" എന്നാൽ സർവ്വകലാശാല നടപ്പാക്കുന്ന ഗവേഷണ പരിപാടികൾ നടത്തുന്നതിനായോ ഡിജിറ്റൽ സയൻസ്, സാങ്കേതികവിദ്യ, മാനവികവിഷയങ്ങൾ എന്നിവയിൽ പരിശീലനത്തിനു വേണ്ടിയോ സർവ്വകലാശാലയിൽ യഥാവിധി പ്രവേശനം നേടി തുടർന്നു വരുന്ന ഒരാൾ എന്നർത്ഥമാകുന്നു;

(എക്സ്) "അദ്ധ്യാപകർ" എന്നാൽ സർവ്വകലാശാലയിൽ അദ്ധ്യാപനം നടത്തുന്നതിനോ ഗവേഷണം നടത്തുന്നതിനോ വേണ്ടി നിയമിക്കപ്പെട്ടതും സ്റ്റാറ്റ്യൂട്ടുകളാൽ അദ്ധ്യാപകരായി നിയോഗിച്ചിട്ടുള്ളതുമായ പ്രൊഫസർമാർ, അസോസിയേറ്റ് പ്രൊഫസർമാർ, അസിസ്റ്റന്റ് പ്രൊഫസർമാർ, അതുപോലെയുള്ള മറ്റു ആളുകൾ എന്നർത്ഥമാകുന്നു;

(വൈ) "സർവ്വകലാശാല" എന്നാൽ ഈ ആക്റ്റിൻ കീഴിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും ഏകാംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല എന്നർത്ഥമാകുന്നു;

(ഇസഡ്) "വൈസ്-ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ വൈസ്-ചാൻസലർ എന്നർത്ഥമാകുന്നു.

## അദ്ധ്യായം 2

## സർവ്വകലാശാല

3. സർവ്വകലാശാലയുടെ സ്ഥാപനവും ഏകാംഗീകരണവും.—(1) "കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല" എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കപ്പെടുന്നതും ഏകാംഗീകരിക്കപ്പെടുന്നതുമാണ്.

(2) സർവ്വകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരം ജില്ലയിൽ ആയിരിക്കുന്നതാണ്.

(3) സർവ്വകലാശാലയിൽ, ഈ ആക്റ്റിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമോ,

ചാൻസലറും പ്രോ-ചാൻസലറും വൈസ്-ചാൻസലറും ഡീനും രജിസ്ട്രാറും ജനറൽ കൗൺസിലും ബോർഡ് ഓഫ് ഗവർണേഴ്സും സെനറ്റും മറ്റ് അധികാരസ്ഥാനങ്ങളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതാണ്.

(4) സർവ്വകലാശാല, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്ഥാവരവും ജംഗമവുമായ വസ്തു ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും സർവ്വകലാശാലയുടെ ആവശ്യത്തിനായി അതിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതോ അത് ആർജ്ജിച്ചിട്ടുള്ളതോ ആയ സ്ഥാവരമോ ജംഗമമോ ആയ ഏതൊരു വസ്തുവും പാട്ടത്തിന് നൽകുന്നതിനോ വിൽക്കുന്നതിനോ മറ്റുവിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ, കേന്ദ്രസർക്കാരിൽ നിന്നോ മറ്റേതെങ്കിലും സംസ്ഥാന സർക്കാരിൽ നിന്നോ സർക്കാരിനാൽ അംഗീകരിക്കപ്പെട്ട ഏതെങ്കിലും ഏകാംഗീകൃത നികായത്തിൽ നിന്നോ പണം കടംവാങ്ങുന്നതിനും, കരാറിലേർപ്പെടുന്നതിനും ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾക്കായി വേണ്ടതായ മറ്റെല്ലാ കാര്യങ്ങളും ചെയ്യുന്നതിനും അധികാരത്തോടുകൂടി ശാശ്വതമായ പിൻതുടർച്ചാവകാശത്തോടും ഒരു പൊതു മുദ്രയോടും കൂടിയ ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യേണ്ടതുമാണ്.

(5) സർവ്വകലാശാലയ്ക്കുവേണ്ടിയോ അതിന് എതിരായോ ഉള്ള എല്ലാ വ്യവഹാരങ്ങളിലെയും മറ്റ് നിയമ നടപടികളിലെയും വാദപ്രതിവാദ പത്രികകളിൽ രജിസ്ട്രാറോ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആളോ ഒപ്പുവയ്ക്കേണ്ടതും സത്യബോധപ്പെടുത്തേണ്ടതും അങ്ങനെയുള്ള വ്യവഹാരങ്ങളിലെയും നടപടികളിലെയും എല്ലാ പ്രോസസ്സുകളും രജിസ്ട്രാർക്ക് നൽകേണ്ടതും നടത്തേണ്ടതുമാണ്.

(6) സർവ്വകലാശാല നൽകുന്ന വിദ്യാഭ്യാസ സൗകര്യങ്ങൾ സമൂഹത്തിലെ ദരിദ്രരും നിർദ്ധനരുമായ വിഭാഗങ്ങൾക്ക് സബ്സിഡി നിരക്കിൽ നൽകണമെന്ന് സർക്കാർ തീരുമാനിക്കുന്നിടത്ത് സർവ്വകലാശാലയ്ക്ക് ബാദ്ധ്യതയാകുന്ന സബ്സിഡി തുക സർക്കാർ വഹിക്കേണ്ടതാണ്.

4. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ.—സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയായിരിക്കുന്നതാണ്, അതായത്:—

(എ) വിവര സാങ്കേതികവിദ്യയിലും അതിന്റെ മൾട്ടി ഡിസിപ്ലിനറി ആപ്ലിക്കേഷനുകളിലും ബിരുദാനന്തര വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം, കൺസൾട്ടൻസി ജോലികൾ എന്നിവ സൗകര്യപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(ബി) വൈവിധ്യങ്ങളായ വിദ്യാഭ്യാസ ഗവേഷണ പരിപാടികൾ, നൈപുണ്യ വികസന സംരംഭങ്ങൾ, വ്യവസായ പ്രസക്തമായ കോഴ്സുകൾ എന്നിവയിലൂടെ ഡിജിറ്റൽ സാങ്കേതികവിദ്യ രംഗത്ത് ഉന്നത നിലവാരമുള്ള മാനവവിഭവ ശേഷി സൃഷ്ടിക്കുവാൻ സഹായിക്കുക;

(സി) ഡിജിറ്റൽ സാങ്കേതികവിദ്യയിലും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങളിലും മികവ് കൈവരിക്കുക;

(ഡി) തെരഞ്ഞെടുക്കപ്പെട്ട മേഖലകളിലെ സേവനവിതരണം മെച്ചപ്പെടുത്തുവാൻ കഴിയുന്നവിധത്തിൽ വിവര സാങ്കേതിക വിദ്യയിലും ഡിജിറ്റൽ സാങ്കേതിക വിദ്യയിലും ഒരു മാതൃകാപരമായ മാറ്റം സൃഷ്ടിക്കുക;

(ഇ) അത്യന്താധുനികമായ ഉൽപ്പന്നങ്ങളും നൂതനവിദ്യകളും സേവനങ്ങളും വികസിപ്പിച്ചെടുക്കുന്നതിന് വ്യവസായ മേഖലയെ പ്രാപ്തമാക്കുക;

(എഫ്) ഇന്ത്യയിലും വിദേശത്തുമുള്ള സഹഅക്കാഡമിക സമൂഹത്തിൽ ശക്തമായ സ്വാധീനം സൃഷ്ടിക്കുക; കൂടാതെ

(ജി) ലോകത്തിലെ മികച്ച പ്രതിഭാശാലികളെ ആകർഷിക്കുകയും തികഞ്ഞ ആഗോള സമന്വയം സാധ്യമാക്കുകയും ചെയ്യുക.

5. സർവ്വകലാശാലയുടെ അധികാരങ്ങൾ.—സർവ്വകലാശാലയ്ക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സർവ്വകലാശാല കാലാകാലങ്ങളിൽ നിശ്ചയിച്ചേക്കാവുന്ന പ്രകാരമുള്ള പഠനശാഖകളിൽ അദ്ധ്യാപനം നൽകുക, വിവിധ പഠനസ്കൂളുകൾ സ്ഥാപിക്കുക കൂടാതെ ഗവേഷണത്തിനും വിജ്ഞാനത്തിന്റെയും നൈപുണ്യത്തിന്റെയും ഉന്നമനത്തിനും വ്യാപനത്തിനും വേണ്ടി വ്യവസ്ഥകൾ ഉണ്ടാക്കുക;

(ബി) സർവ്വകലാശാല നിശ്ചയിച്ചേക്കാവുന്ന അത്തരം നിബന്ധനകൾക്ക് വിധേയമായി ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും നൽകുക, കൂടാതെ പരീക്ഷകളുടെയോ മൂല്യനിർണ്ണയത്തിന്റെയോ അല്ലെങ്കിൽ ഒരാളുടെ കഴിവ് പരീക്ഷിക്കുവാനുള്ള മറ്റേതെങ്കിലും മാർഗ്ഗത്തിന്റെയോ അടിസ്ഥാനത്തിൽ ബിരുദങ്ങളും മറ്റു അക്കാഡമിക ബഹുമതികളും നൽകുക;

(സി) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ഓണററി ബിരുദങ്ങളോ മറ്റു ബഹുമതികളോ നൽകുക;

(ഡി) സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾക്കനുസൃതമായി സ്വതന്ത്രമായ മികവിന്റെ കേന്ദ്രങ്ങളും സ്വതന്ത്രമായ പരിശീലന കേന്ദ്രങ്ങളും ഔട്ട് റീച്ച് സെന്ററുകളും സാമ്പത്തിക പ്രവർത്തന സ്വയംഭരണാധികാരത്തോടുകൂടിയുള്ളതും ഗവേഷണത്തിലും പരിശീലനത്തിലും വിദഗ്ധോപദേശം നൽകുന്നതിലും ഉൾപ്പെട്ടിരിക്കുന്നതുമായ അത്തരത്തിലുള്ള മറ്റു സ്ഥാപനങ്ങളും പടുത്തുയർത്തുക;

(ഇ) സർക്കാരിന്റെ അനുമതിയോടെ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും ഭാരതത്തിന്റെ മറ്റു ഭാഗങ്ങളിലും ഗവേഷണ വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക;

(എഫ്) സർക്കാരിന്റെ കീഴിൽ നിലവിലുള്ളതായ ഗവേഷണ സ്ഥാപനങ്ങളെയും പരിശീലന കേന്ദ്രങ്ങളെയും, സ്റ്റാറ്റ്യൂട്ടുകൾക്കനുസൃതമായി, സർക്കാരിന്റെ വ്യക്തമായ അനുമതിയോടെ, സർവ്വകലാശാലയ്ക്കകത്ത് എക്സ്റ്റെൻഷൻ സെന്ററുകളായും സ്വതന്ത്രമായ മികവിന്റെ കേന്ദ്രങ്ങളായും പരിശീലന കേന്ദ്രങ്ങളായും ഔട്ട് റീച്ച് സെന്ററുകളായും പ്രവർത്തിക്കുന്നതിലേയ്ക്കായി സംയോജിപ്പിക്കുക;

(ജി) വിഷയപരിമിതികളില്ലാത്തതായ പഠനങ്ങളും വിജ്ഞാനവ്യാപന സേവനങ്ങളും സംഘടിപ്പിക്കുകയും ഏറ്റെടുക്കുകയും ചെയ്യുക;

(എച്ച്) സർവ്വകലാശാലയിൽ കരാറടിസ്ഥാനത്തിലുള്ളതോ ഭരണപരമായ ആവശ്യങ്ങൾക്കുള്ളതോ മിനിസ്റ്റീരിയലോ മറ്റുള്ളതോ ആയ തസ്തികകൾ സൃഷ്ടിക്കുകയും നിർവ്വഹിക്കുകയും അത്തരം തസ്തികകളിൽ ആളുകളെ നിയമിക്കുകയും ചെയ്യുക;

(ഐ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ മുതലായ റെഗുലേറ്ററി ബോഡികളുടെ കുറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുവേണ്ടി (എച്ച്) ഖണ്ഡത്തിൽ സൂചിപ്പിച്ചിട്ടുള്ള തസ്തികകൾക്കുള്ള ബത്തകളും പ്രോവിഡന്റ് ഫണ്ടും മറ്റു ബത്തകളും ഉൾപ്പെടെ ശമ്പളഘടന നിശ്ചയിക്കുക, എന്നാൽ അറ്റശമ്പളം റെഗുലേറ്ററി ബോഡികൾ നിർണ്ണയിച്ചതിനേക്കാൾ ഉയർന്നതാകാവുന്നതും പക്ഷെ ഒരു കാരണവശാലും എല്ലാ അക്കാഡമികവും അദ്ധ്യാപനവും മറ്റു ജീവനക്കാർക്കും വേണ്ടിയുള്ള കരാറുമായി ചേർന്നുകൊണ്ടുള്ള കരാർ നിബന്ധനകൾക്കും കരാറിന്റെ ദൈർഘ്യം, കാലാവധി, പ്രതീക്ഷകൾ, ചുമതലകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ നിശ്ചയിക്കുന്നതിൽ കുറവായിരിക്കുവാൻ പാടില്ലാത്തതുമാണെന്നുറപ്പാക്കുക; അതിന്റെ എല്ലാ ജീവനക്കാരുമായി വരുമാനം പങ്കിടൽ രീതി ഉണ്ടാക്കുക;

(ജെ) മറ്റേതെങ്കിലും സർവ്വകലാശാലകളിലോ സ്ഥാപനങ്ങളിലോ പ്രവർത്തിക്കുന്ന ആളുകളെ ഒരു നിശ്ചിത കാലയളവിലേയ്ക്ക് സർവ്വകലാശാലയിൽ അദ്ധ്യാപകരായി നിയമിക്കുക;

(കെ) ലോകോത്തര നിലവാരമുള്ള പ്രതിഭകളെ സർവ്വകലാശാലയിലേയ്ക്കും സ്കൂളുകളിലേയ്ക്കും ഗവേഷണകേന്ദ്രങ്ങളിലേയ്ക്കും ആകർഷിക്കുന്നതിനും നിലനിറുത്തുന്നതിനുമായി പ്രകടനാധിഷ്ഠിത പ്രോത്സാഹന സംവിധാനം സൃഷ്ടിക്കുക;

(എൽ) മെച്ചപ്പെട്ട ഗവേഷണവും പ്രാക്ടീസും തുടർന്നുകൊണ്ടു പോകുന്നതിനായി ചെയർ പൊസിഷനുകൾ സജ്ജമാക്കുന്നതിലേയ്ക്ക് വ്യവസായസ്ഥാപനങ്ങളുമായും സർക്കാരേതര സംഘടനകളുമായും മറ്റു ഗവേഷണ സംഘടനകളുമായും സഹവർത്തിക്കുക;

(എം) ഇന്ത്യയിലും വിദേശത്തുമുള്ള മറ്റു സർവ്വകലാശാലകളുമായി വിജ്ഞാനം, സാങ്കേതികവിദ്യ, വിദ്യാർത്ഥികൾ, ഫാക്കൽറ്റികൾ എന്നിവയുടെ കൈമാറ്റം ഉൾപ്പെടുത്തിക്കൊണ്ട് പരസ്പരപ്രയോജനകരമായ ബന്ധങ്ങൾ സ്ഥാപിക്കുകയും ഡിജിറ്റൽ സയൻസിലും സാങ്കേതികവിദ്യയിലും മാനവിക വിഷയങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഗവേഷണകേന്ദ്രങ്ങളുടെ പരസ്പരസ്ഥാപനം സുഗമമാക്കുകയും ചെയ്യുക;

(എൻ) ഡിജിറ്റൽ സയൻസിലും സാങ്കേതികവിദ്യ, ഇന്റർഡിസിപ്ലിനറി ഇന്നൊവേഷൻ, സംരംഭകത്വം, ലിബറൽ ആർട്സ്, മാനവിക വിഷയങ്ങൾ എന്നിവയിൽ ഗവേഷണവും പഠനവും ഏറ്റെടുക്കുന്നതിനായി അന്തർദ്ദേശീയ ഗവേഷണ ഏജൻസികളുമായും ധനസഹായ ഏജൻസികളുമായും ഫൗണ്ടേഷനുകളുമായും സഹവർത്തിക്കുക;

(ഒ) ഗവേഷണത്തിലൂടെയും കൺസൾട്ടിംഗിലൂടെയും ബൗദ്ധിക സ്വത്ത് സൃഷ്ടിക്കുകയും ധനസമാഹരണം നടത്തുകയും ചെയ്യുക;

(പി) സർവ്വകലാശാല നിശ്ചയിച്ചേക്കാവുന്ന അത്തരം ആവശ്യങ്ങൾക്കു വേണ്ടി, അപ്രകാരമുള്ള രീതിയിൽ, മുൻനിരയിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും സർവ്വകലാശാല, ഉന്നത പഠനത്തിനുള്ള അതോറിറ്റി അല്ലെങ്കിൽ സംഘടന, വ്യവസായ-കോർപ്പറേറ്റ് സ്ഥാപനങ്ങൾ, പരീക്ഷണശാല എന്നിവയുമായി സഹകരിക്കുകയോ യോജിച്ച് പ്രവർത്തിക്കുകയോ സഹവർത്തിക്കുകയോ ചെയ്യുക;

(ക്യൂ) അദ്ധ്യാപനത്തിനോ ഗവേഷണ മേൽനോട്ടത്തിനോ അല്ലെങ്കിൽ രണ്ടിനും കൂടിയോ (പി) ഖണ്ഡത്തിൽ സൂചിപ്പിച്ചിട്ടുള്ള സംഘടനകളിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് അംഗീകാരം നൽകുകയോ അല്ലെങ്കിൽ അപ്രകാരമുള്ള അംഗീകാരം പിൻവലിക്കുകയോ ചെയ്യുക;

(ആർ) അക്കാഡമിക ചുമതലകൾ നിർവ്വഹിക്കുന്നതിനായി ഒരു പഠന ഗവേഷണ വിഭാഗം സജ്ജമാക്കുകയും അവർക്ക് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പ്രതിഫലം നൽകുകയും ചെയ്യുക;

(എസ്) വിദ്യാർത്ഥികൾക്ക് ചുമത്തേണ്ട ഫീസും മറ്റു ചാർജ്ജുകളും നിർണ്ണയിക്കുക;

(റ്റി) കമ്പ്യൂട്ടർ സെന്ററുകൾ, പരീക്ഷണശാലകൾ, ഗ്രന്ഥശാല മുതലായ സൗകര്യങ്ങൾ ഒരുക്കുക;

(യു) വ്യത്യസ്ത വിഷയങ്ങൾക്കുവേണ്ടി പാഠ്യപദ്ധതി വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുക;

(വി) സർവ്വകലാശാലയിലേയ്ക്കുള്ള പ്രവേശനത്തിനു വേണ്ടി, പരീക്ഷ, മൂല്യനിർണ്ണയം അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലുള്ള തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടാവുന്ന നിലവാരങ്ങൾ നിശ്ചയിക്കുക;

(ഡബ്ല്യു) ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും മെഡലുകളും സമ്മാനങ്ങളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക;

(എക്സ്) വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ഫീസുകളും മറ്റു ചാർജ്ജുകളും ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്യുക;

(വൈ) സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ താമസത്തിന് മേൽനോട്ടം വഹിക്കുകയും അവരുടെ ആരോഗ്യവും പൊതുക്ഷേമവും അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക;

(ഇസഡ്) വിദ്യാർത്ഥിനികളുടെ കാര്യത്തിൽ, സർവ്വകലാശാല അഭികാമ്യമെന്ന് കരുതുന്ന, അപ്രകാരമുള്ള പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തുക;

(ഇസഡ് -എ) സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ പെരുമാറ്റം നിയന്ത്രിക്കുക;

(ഇസഡ്-ബി) സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ജോലി ക്രമീകരിക്കുകയും പെരുമാറ്റം നിയന്ത്രിക്കുകയും ചെയ്യുക;

(ഇസഡ്-സി) സർവ്വകലാശാലയിലെ ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും ഇടയിൽ അച്ചടക്കം നിയന്ത്രിക്കുകയും നടപ്പിലാക്കുകയും, ഇതിലേയ്ക്കായി ആവശ്യമെന്ന് കരുതുന്ന അത്തരത്തിലുള്ള അച്ചടക്കനടപടികൾ സ്വീകരിക്കുകയും ചെയ്യുക;

(ഇസഡ്-ഡി) സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ആരോഗ്യവും പൊതുക്ഷേമവും അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക;

(ഇസഡ്-ഇ) ആളുകളിൽ നിന്നും, കമ്പനികൾ, സർക്കാർ-സർക്കാരേതര സ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, സർക്കാരേതര സംഘടനകൾ എന്നിവയിൽ നിന്നും സഹായങ്ങളും സംഭാവനകളും ദാനങ്ങളും സ്വീകരിക്കുകയും സർവ്വകലാശാല തീരുമാനിക്കുംപ്രകാരം ചെയറുകൾക്കും സ്ഥാപനങ്ങൾക്കും കെട്ടിടങ്ങൾക്കും അതുപോലെയുള്ളവയ്ക്കും നാമകരണം നടത്തുകയും ചെയ്യുക;

(ഇസഡ്-എഫ്) സർവ്വകലാശാലയ്ക്കുവേണ്ടി, ട്രസ്റ്റും എൻഡോവ്മെന്റുകളുമായ വസ്തുക്കൾ ഉൾപ്പെടെയുള്ള സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും കൈകാര്യം ചെയ്യുകയും കൈയൊഴിയുകയും ചെയ്യുക:

എന്നാൽ സർക്കാരിന്റെ സഹായത്തോടെ സ്ഥലം ആർജ്ജിക്കുകയോ കെട്ടിടം പണിയുകയോ ചെയ്ത അപ്രകാരമുള്ള സ്ഥാവര-ജംഗമ വസ്തുക്കൾ കൈവശം വയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും കൈയൊഴിയുകയും ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം ആവശ്യമുള്ളതാകുന്നു;

(ഇസഡ്-ജി) സർവ്വകലാശാലയുടെ നടത്തിപ്പിന്റെയും വികസനത്തിന്റെയും ആവശ്യങ്ങൾക്കായി, സർക്കാരിന്റെ അനുമതിയോടെ, സർവ്വകലാശാലയുടെ വസ്തുവിന്റെ ഈടിന്മേൽ, പണം വായ്പയെടുക്കുക;

(ഇസഡ്-എച്ച്) വിഷയങ്ങൾ, വൈദഗ്ധ്യത്തിന്റെ മേഖലകൾ, വിദ്യാഭ്യാസത്തിന്റെ തലം, ആളുകൾക്കുള്ള സാങ്കേതിക പരിശീലനം എന്നിവയ്ക്കനുസൃതമായി ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിൽ ആവശ്യങ്ങൾ വിലയിരുത്തുക, ഈ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു യുക്തമായ പരിപാടികൾ ആരംഭിക്കുക;

(ഇസഡ്-ഐ) സംവേദനാത്മകരീതിയിലുള്ള ഓൺലൈൻ പഠനത്തിലൂടെ ബോധനം നൽകുകയും, ഔപചാരിക-അനൗപചാരിക (തുറന്നപഠനം) വിദ്യാഭ്യാസ ധാരകളിലേക്ക് പരസ്പരം മാറാൻ വിദ്യാർത്ഥികൾക്ക് സൗകര്യമൊരുക്കുകയും ചെയ്യുക; കൂടാതെ

(ഇസഡ്-ജെ) സർവ്വകലാശാലയുടെ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ആവശ്യമായേക്കുന്നതോ ആനുഷംഗികമായേക്കുന്നതോ സർവ്വകലാശാലയുടെ എല്ലാമോ ഏതെങ്കിലുമോ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായതോ ഉതകുന്നതോ ആയ അങ്ങനെയുള്ള മറ്റെല്ലാ പ്രവൃത്തികളും കാര്യങ്ങളും ചെയ്യുക.

6. സർവ്വകലാശാലയിലേയ്ക്കുള്ള പ്രവേശനം.—(1) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായും കാലാകാലങ്ങളിൽ നിലവിലുള്ള സംവരണ തത്വങ്ങൾക്കനുസരിച്ചും, ഏതു വംശത്തിലും മതവിശ്വാസത്തിലും ജാതിയിലും വർഗ്ഗത്തിലും പെടുന്ന എല്ലാ ലിംഗക്കാർക്കും സർവ്വകലാശാലയിൽ പ്രവേശനം ഉണ്ടായിരിക്കുന്നതും സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകൻ ആകുന്നതിനോ അവിടത്തെ ഏതെങ്കിലും പദവി വഹിക്കുന്നതിനോ അല്ലെങ്കിൽ സർവ്വകലാശാലയിൽ വിദ്യാർത്ഥിയായി പ്രവേശനം നേടുന്നതിനോ അവിടെനിന്നും ബിരുദം നേടുന്നതിനോ അവിടത്തെ ഏതെങ്കിലും വിശേഷാധികാരം അനുഭവിക്കുന്നതിനോ ഉപയോഗപ്പെടുത്തുന്നതിനോ വേണ്ടി, സർവ്വകലാശാല ഏതെങ്കിലും ആളിന്റെമേൽ ഏതെങ്കിലും മതവിശ്വാസമോ തൊഴിലോ രാഷ്ട്രീയ അഭിപ്രായമോ സംബന്ധിച്ച് പരിശോധന നടത്തുവാനോ നിർബന്ധിക്കുവാനോ പാടില്ലാത്തതാകുന്നു.

(2) സർവ്വകലാശാലയിൽ ഏതു ദേശീയതയിലെയും വിദ്യാർത്ഥികൾക്ക് പ്രവേശനമുണ്ടായിരിക്കുന്നതും അവരെ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രവേശിപ്പിക്കാവുന്നതുമാണ്.

(3) ഈ വകുപ്പിലെ യാതൊന്നുംതന്നെ, വനിതകൾക്കോ സമൂഹത്തിലെ മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്കോ, പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലും പെടുന്നവർക്കോ, നിയമനത്തിനോ പ്രവേശനത്തിനോ വേണ്ടി ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്നും സർവ്വകലാശാലയെ തടയുന്നതായി കരുതപ്പെടുന്നതല്ല.

7. സ്പോൺസറിംഗ് എന്റിറ്റി.—(1) 1956-ലെ കമ്പനീസ് ആക്ടിന്റെ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 25-ാം വകുപ്പിൻകീഴിൽ, 5-9-2000-ലെ 09-14187/2000 നമ്പർ സർട്ടിഫിക്കറ്റോടെ ഒരു കമ്പനിയായി ഏകാംഗീകരിക്കപ്പെട്ട ദി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള (IIITMK) സർവ്വകലാശാലയുടെ സ്പോൺസറിംഗ് എന്റിറ്റി ആയിരിക്കുന്നതാണ്.

(2) സർവ്വകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായേക്കാവുന്ന എല്ലാ അടിസ്ഥാനസൗകര്യങ്ങളും സ്പോൺസറിംഗ് എന്റിറ്റി ചെയ്തുകൊടുക്കേണ്ടതാണ്.

## അദ്ധ്യായം 3

## ചാൻസലറും പ്രോ-ചാൻസലറും സർവ്വകലാശാലയിലെ മറ്റ് ഉദ്യോഗസ്ഥരും

8. ചാൻസലർ.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലർ സർവ്വകലാശാലയുടെ തലവനായിരിക്കുന്നതും, സന്നിഹിതനായിരിക്കുമ്പോൾ സർവ്വകലാശാലയുടെ ജനറൽ കൗൺസിലിന്റെ യോഗങ്ങളിലും ബിരുദദാന സമ്മേളനത്തിലും അദ്ധ്യക്ഷത വഹിക്കേണ്ടതുമാണ്.

(3) ചാൻസലറുടെ അംഗീകാരമില്ലാതെ സർവ്വകലാശാല യാതൊരാൾക്കും ഓണററി ബിരുദമോ ബഹുമതികളോ നൽകുവാൻ പാടുള്ളതല്ല.

(4) ഈ വകുപ്പിലെ മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, ഈ ആക്റ്റോ സ്റ്റാറ്റ്യൂട്ടുകളോ റെഗുലേഷനുകളോ അനുസരിച്ചുള്ളതല്ലാത്ത സർവ്വകലാശാലയുടെ ഏതൊരു നടപടിക്രമവും ചാൻസലർക്ക് രേഖാമൂലമുള്ള ഉത്തരവിനാൽ റദ്ദാക്കാവുന്നതാണ് :

എന്നാൽ അപ്രകാരം ഏതെങ്കിലും ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് അപ്രകാരമുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കാതിരിക്കുന്നതിന് കാരണം കാണിക്കാൻ ചാൻസലർ സർവ്വകലാശാലയോട് ആവശ്യപ്പെടേണ്ടതാണ്.

(5) തെറ്റായ പ്രവൃത്തികൾ ചെയ്യുന്നപക്ഷം വൈസ്-ചാൻസലറെയോ സർവ്വകലാശാലയുടെ മറ്റു ഉദ്യോഗസ്ഥരെയോ നീക്കം ചെയ്യുന്നതിന് ചാൻസലർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം നീക്കം ചെയ്യലിനുള്ള അധികാരം വിനിയോഗിക്കുമ്പോൾ, നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്ന ആളിനെതിരെ ഉചിതമായ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള സർക്കാരിന്റെ ശിപാർശയെ അടിസ്ഥാനപ്പെടുത്തി ചാൻസലർ അദ്ദേഹത്തിന്റെ അഭിപ്രായം രൂപവൽക്കരിക്കേണ്ടതാണ്.

(6) ചാൻസലർ, ഈ ആക്റ്റ് പ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമോ അവയ്ക്ക് കീഴിലോ, നൽകപ്പെട്ടതോ നിക്ഷിപ്തമായതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ കൂടി വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടതുമാണ്.

9. <u>പ്രോ-ചാൻസലർ.</u>—(1) സംസ്ഥാനത്തെ വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാത്ത അവസരത്തിലോ, സർവ്വകലാശാലയുടെ ബിരുദദാന സമ്മേളനങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതുൾപ്പെടെ, ചാൻസലറുടെ എല്ലാ അധികാരങ്ങളും പ്രോ-ചാൻസലർ വിനിയോഗിക്കേണ്ടതും എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

(3) ചാൻസലർ രേഖാമൂലമുള്ള ഉത്തരവിനാൽ പ്രോ-ചാൻസലർക്ക് ഏൽപ്പിച്ചുകൊടുക്കുന്ന, ചാൻസലറുടെ അങ്ങനെയുള്ള അധികാരങ്ങൾ കൂടി പ്രോ-ചാൻസലർ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടതും അപ്രകാരമുള്ള ഏൽപ്പിച്ചുകൊടുക്കൽ അപ്രകാരമുള്ള ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമാകാവുന്നതുമാണ്.

10. <u>സർവ്വകലാശാലയിലെ ഉദ്യോഗസ്ഥർ</u>.—താഴെപ്പറയുന്നവർ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരായിരിക്കുന്നതാണ്, അതായത്:—

(i) വൈസ്-ചാൻസലർ;

(ii) ഡീനുകൾ;

(iii) രജിസ്ട്രാർ;

(iv) പരീക്ഷാ കൺട്രോളർ; കൂടാതെ

(v) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അനദ്ധ്യാപകരും സപ്പോർട്ട് സ്റ്റാഫും ഉൾപ്പെടെ സർവ്വകലാശാലയുടെ സേവനത്തിലുള്ള മറ്റ് ഉദ്യോഗസ്ഥർ .

11. <u>വൈസ്-ചാൻസലർ</u>.—(1) വൈസ്-ചാൻസലർ, സാങ്കേതിക വിദ്യ അല്ലെങ്കിൽ സയൻസ് അല്ലെങ്കിൽ എഞ്ചിനീയറിംഗ് അല്ലെങ്കിൽ മാനേജ്മെന്റ് രംഗത്തെ ഒരു പണ്ഡിത ശ്രേഷ്ഠനും ഒരു ഉന്നത പഠന സ്ഥാപനത്തിൽ ഭരണപരിചയവും ഉള്ള ആളായിരിക്കേണ്ടതാണ്. കൂടാതെ ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയിൽ പ്രൊഫസർ എന്ന നിലയിൽ ചുരുങ്ങിയത് പത്ത് വർഷത്തെ പ്രവർത്തന പരിചയമോ അല്ലെങ്കിൽ പ്രശസ്തമായ ഒരു റിസർച്ച് അല്ലെങ്കിൽ അക്കാഡമിക് അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ഓർഗനൈസേഷനിൽ തത്തുല്യമായ വിധത്തിൽ പ്രവർത്തന പരിചയമോ ഉള്ള ആളുമായിരിക്കേണ്ടതാണ്.

(2) വൈസ്-ചാൻസലർ സർവ്വകലാശാലയുടെ പ്രധാന അക്കാഡമിക തലവനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കുന്നതും ഈ ആക്റ്റിനാലോ അതിൻ കീഴിലോഉള്ള, സർവ്വകലാശാലയുടെ കാര്യങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും നിർവ്വഹിക്കേണ്ടതുമാണ്.

(3) ചാൻസലർ നിയമിക്കുന്നതും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതുമായ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ അദ്ദേഹം വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്, അതായത്:—

(എ) സംസ്ഥാന ചീഫ് സെക്രട്ടറി, അദ്ദേഹം കമ്മിറ്റിയുടെ കൺവീനറായിരിക്കുന്നതാണ് ;

(ബി) ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വ്യവസായ രംഗത്തു നിന്നുള്ള ഒരു വിദഗ്ദ്ധ അംഗം;

(സി) ബോർഡ് ഓഫ് ഗവർണേഴ്സ് സെലക്ട് ചെയ്യുന്ന പഠന ഗവേഷണ രംഗത്തുനിന്നുള്ള ഒരു വിദഗ്ദ്ധ അംഗം;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ; കൂടാതെ

(ഇ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ.

(4) വൈസ്-ചാൻസലറുടെ ഒഴിവ് ഉണ്ടാകുന്നതിന് സാധ്യതയുള്ള തീയതിയ്ക്ക് കുറഞ്ഞത് മൂന്ന് മാസം മുമ്പെങ്കിലും പാനൽ തയ്യാറാക്കുന്ന നടപടി തുടങ്ങിയിരിക്കേണ്ടതും ചാൻസലർ നിശ്ചയിച്ച സമയപരിധിയ്ക്കുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്. എന്നിരുന്നാലും, ചാൻസലർക്ക്, അനിവാര്യമായ സാഹചര്യങ്ങളിൽ അങ്ങനെ ചെയ്യുന്നത് ആവശ്യമാണെങ്കിൽ അപ്രകാരമുള്ള സമയപരിധി ദീർഘിപ്പിക്കാവുന്നതാണ്. എന്നിരുന്നാലും, അങ്ങനെ ദീർഘിപ്പിച്ച കാലയളവ് ഉൾപ്പെടെ മൂന്ന് മാസത്തിനകം പാനൽ തയ്യാറാക്കുന്ന നടപടി പൂർത്തിയാക്കേണ്ടതാണ്. വ്യവസ്ഥ ചെയ്ത പ്രകാരം ഏകകണ്ഠമായ ശിപാർശ ചെയ്യുവാൻ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി പരാജയപ്പെടുന്ന സംഗതിയിൽ, കമ്മിറ്റിയിലെ ഓരോ അംഗത്തിനും ഒരാളുടെ പേര് വീതം ചാൻസലർക്ക് സമർപ്പിക്കാവുന്നതാണ്. കമ്മിറ്റിയിലെ ഏതെങ്കിലും ഒരംഗം പേര് സമർപ്പിക്കാതിരിക്കുന്നത് വൈസ് -ചാൻസലറുടെ നിയമനം അസാധുവാക്കുന്നതല്ല.

(5) ഈ ആക്റ്റിലോ റെഗുലേഷനുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഥമ വൈസ്-ചാൻസലറെ, വിനിർദ്ദേശിക്കപ്പെടാവുന്ന വ്യവസ്ഥകളിന്മേലും നിബന്ധനകളിന്മേലും, സർക്കാരിന്റെ ശിപാർശയിന്മേൽ ചാൻസലർ നിയമിക്കേണ്ടതാണ്.

(6) അറുപത്തിയൊന്ന് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും വൈസ്-ചാൻസലറായി നിയമിക്കാൻ പാടില്ലാത്തതും നിയമനത്തിനുശേഷം അദ്ദേഹത്തിന്റെ നിയമന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അല്ലെങ്കിൽ അദ്ദേഹത്തിന് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ ഉദ്യോഗം വഹിക്കേണ്ടതുമാണ്.

(7) ഏതെങ്കിലും സംഗതിയിൽ സത്വര നടപടി ആവശ്യമാണെന്ന് വൈസ്-ചാൻസലർക്ക് അഭിപ്രായമുള്ളപക്ഷം അദ്ദേഹത്തിന് ഈ ആക്റ്റിനാലോ അതിൻകീഴിലോ സർവ്വകലാശാലയുടെ ഏത് അധികാരസ്ഥാനത്തിനും നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ അദ്ദേഹം എടുത്ത നടപടി ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ സാധൂകരണത്തിനായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

എന്നാൽ ഈ ഉപവകുപ്പിൻകീഴിൽ വൈസ്-ചാൻസലർ എടുത്ത നടപടിയാൽ സങ്കടമനുഭവിക്കുന്ന, സർവ്വകലാശാലയുടെ സർവ്വീസിലിരിക്കുന്ന ഏതൊരാൾക്കും അപ്രകാരമുള്ള നടപടിയെ സംബന്ധിച്ച് അയാളെ അറിയിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം അപ്രകാരമുള്ള നടപടിയ്ക്കെതിരെ ചാൻസലർ മുമ്പാകെ അപ്പീൽ നൽകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അതേ തുടർന്ന് ചാലസലറിന് വൈസ്-ചാൻസലർ എടുത്ത നടപടി സ്ഥിരപ്പെടുത്തുകയോ അസ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതുമാണ്.

(8) വൈസ്-ചാൻസലർ, സ്റ്റാറ്റ്യൂട്ടുകളാലും റെഗുലേഷനുകളാലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അപ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

(9) സർവ്വകലാശാല ഫണ്ടിന്റെ ദുർവിനിയോഗം, പെരുമാറ്റദൂഷ്യം എന്നിവയിന്മേൽ, ചാൻസലർക്ക് ബോധ്യമാകുന്നപക്ഷം രേഖാമൂലമായ ഒരു ഉത്തരവ് വഴി, വൈസ്-ചാൻസലറെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് ചാൻസലർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ ചാൻസലർ ഈ ആവശ്യത്തിന് നിയമിക്കുന്ന ഹൈക്കോടതിയിലെ ഒരു ജഡ്ജി ആയിരിക്കുന്ന ആളോ അല്ലെങ്കിൽ ജഡ്ജി ആയിരുന്ന ആളോ നടത്തുന്ന ഒരു അന്വേഷണ വിചാരണ വഴി അങ്ങനെയുള്ള കുറ്റാരോപണം തെളിയിക്കേണ്ടതാണ്.

എന്നുമാത്രമല്ല തനിക്കെതിരായി എടുക്കാൻ ഉദ്ദേശിക്കുന്ന നടപടിക്കെതിരായി കാരണം കാണിക്കാൻ അദ്ദേഹത്തിന് ന്യായമായൊരു അവസരം നൽകാത്തപക്ഷം ഈ വകുപ്പിൻ കീഴിൽ വൈസ്-ചാൻസലറെ നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

(10) ഏതെങ്കിലും മുൻകൂട്ടി കാണാത്തതോ ആകസ്മികമോ ആയ കാരണങ്ങളാൽ വൈസ്-ചാൻസലർ സ്ഥാനത്ത് താൽക്കാലികമായ ഒഴിവ് ഉണ്ടാകുകയോ, അദ്ദേഹത്തിന് തൽസ്ഥാനത്ത് നിന്ന് താൽക്കാലികമായി ഒഴിഞ്ഞുനിൽക്കേണ്ടിവരികയോ ചെയ്യുമ്പോൾ, സർക്കാർ ശിപാർശ ചെയ്യുന്ന മറ്റ് ഏതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെയോ വിവര സാങ്കേതിക വിദ്യ വകുപ്പ് സെക്രട്ടറിയെയോ മൊത്തം ആറു മാസത്തിൽ കവിയാത്ത കാലയളവിലേക്ക് വൈസ്-ചാൻസലർ ആയി ചാൻസലർക്ക് നിയമിക്കാവുന്നതാണ്.

(11) ഏതെങ്കിലും വിഷയം സ്റ്റാറ്റ്യൂട്ടുകളോ റെഗുലേഷനുകളോ മുഖേന ക്രമപ്പെടുത്തേണ്ട ആവശ്യമുണ്ടായിരിക്കുകയും എന്നാൽ അക്കാര്യത്തിനായി സ്റ്റാറ്റ്യൂട്ടുകളോ റെഗുലേഷനുകളോ ഉണ്ടാക്കിയിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, തൽസമയം ആവശ്യമാണെന്ന് വൈസ്-ചാൻസലർ കരുതുന്ന അത്തരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് വിഷയം ക്രമപ്പെടുത്തേണ്ടതും അതിനുശേഷം കഴിയുന്നത്ര വേഗം അംഗീകാരത്തിനായി അവ ബോർഡ് ഓഫ് ഗവർണേഴ്സിനോ മറ്റ് അധികാരസ്ഥാനത്തിനോ ബന്ധപ്പെട്ട നികായത്തിനോ സമർപ്പിക്കേണ്ടതുമാണ്.

12. ഡീനുകൾ.—ഡീനുകളുടെ എണ്ണം ബോർഡ് ഓഫ് ഗവർണേഴ്സ് നിശ്ചയിക്കേണ്ടതാണ്. പ്രൊഫസ്സർമാരിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, പരമാവധി മൂന്ന് വർഷക്കാലയളവിലേയ്ക്കാണ് ഓരോ ഡീനിനേയും ബോർഡ് ഓഫ് ഗവർണേഴ്സ് നിയമിക്കേണ്ടത്. സർവ്വകലാശാലയിലെ മറ്റെല്ലാ പ്രൊഫസ്സർമാരും ഡീൻ പദവി വഹിച്ച് കഴിഞ്ഞിരിക്കുകയോ, അല്ലെങ്കിൽ ബോർഡ് ഓഫ് ഗവർണേഴ്സ് പുനർനിയമനത്തിനായി ഒരു അസാധാരണ കേസ്സിൽ തീരുമാനമെടുക്കുകയോ ചെയ്താൽ മാത്രം ഡീൻ ആയി കാലാവധി പൂർത്തിയാക്കിയ ഒരാളെ ഡീൻ പദവിയിൽ പുനർനിയമിക്കാവുന്നതാണ്. യാതൊരു സാഹചര്യത്തിലും മൂന്നു വർഷം വീതമുള്ള രണ്ടു തവണയിൽ കൂടുതൽ ഒരാളെ ഡീൻ ആയി നിയമിക്കാൻ പാടില്ലാത്തതാകുന്നു.

13. രജിസ്ട്രാർ.—(1) രജിസ്ട്രാർ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള സേവന വ്യവസ്ഥകളിന്മേലും നിയമിക്കപ്പെടേണ്ടതും അദ്ദേഹം അപ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

(2) ബോർഡ് ഓഫ് ഗവർണേഴ്സ് അധികാരപ്പെടുത്തുന്നതനുസരിച്ച് രജിസ്ട്രാർക്ക് സർവ്വകലാശാലയ്ക്ക് വേണ്ടി കരാറുകളിൽ ഏർപ്പെടുന്നതിനും ഒപ്പു വയ്ക്കുന്നതിനും രേഖകൾ പ്രമാണീകരിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

14. പരീക്ഷാ കൺട്രോളർ.—(1) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ പരീക്ഷകളുടെയും ടെസ്റ്റുകളുടെയും നടത്തിപ്പിന്റെയും അവയുടെ ഫലപ്രഖ്യാപനത്തിന്റെയും ചുമതലയുള്ള പ്രധാന ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും വൈസ്-ചാൻസലറുടെ മേൽനോട്ടത്തിലും നിർദ്ദേശത്തിലും മാർഗ്ഗനിർദ്ദേശത്തിലും ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

(2) പരീക്ഷാ കൺട്രോളർ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള സേവന വ്യവസ്ഥകളിന്മേലും നിയമിക്കപ്പെടേണ്ടതും അദ്ദേഹം അപ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

15. മറ്റു ഉദ്യോഗസ്ഥർ.—സർവ്വകലാശാലയിലെ മറ്റു ഉദ്യോഗസ്ഥരുടെ നിയമനരീതിയും പ്രതിഫലവും അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരത്തിലായിരിക്കുന്നതാണ്.

## അദ്ധ്യായം 4

## സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ

16. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ.—സർവ്വകലാശാലയുടെ അധികാര സ്ഥാനങ്ങൾ താഴെപ്പറയുന്നവയായിരിക്കുന്നതാണ്, അതായത്:—

(i) ജനറൽ കൗൺസിൽ;

(ii) ബോർഡ് ഓഫ് ഗവർണേഴ്സ്;

(iii) സെനറ്റ്;

(iv) ഫൈനാൻസ് കമ്മിറ്റി;

(v) അക്കാഡമിക് കൗൺസിൽ;

(vi) റിസർച്ച് കൗൺസിൽ ; കൂടാതെ

(vii) സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളായി സ്റ്റാറ്റ്യൂട്ടുകളാൽ സ്ഥാനനിർദ്ദേശിക്കപ്പെടാവുന്ന സർവ്വകലാശാലയുടെ, അങ്ങനെയുള്ള മറ്റു നികായങ്ങളും.

17. ജനറൽ കൗൺസിൽ.—(1) സർക്കാർ, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, സർവ്വകലാശാലയ്ക്ക് വേണ്ടി, ചാൻസലർ തലവനായിട്ടുള്ളതും വിദഗ്ധരോ സർക്കാരുദ്യോഗസ്ഥരോ ആയ ഇരുപത്തിയെട്ടിൽ അധികരിക്കാത്ത അത്തരം മറ്റ്

അംഗങ്ങൾ അടങ്ങിയിട്ടുള്ളതുമായ ഒരു ജനറൽ കൗൺസിൽ രൂപീകരിക്കേണ്ടതാണ്. ജനറൽ കൗൺസിലിലെ അംഗങ്ങളുടെ നിയമന വ്യവസ്ഥകൾ സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന പ്രകാരമായിരിക്കുന്നതാണ്.

(2) ജനറൽ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) ചാൻസലർ - ചെയർപേഴ്സൺ;

(ii) പ്രോ-ചാൻസലർ - വൈസ് - ചെയർപേഴ്സൺ;

(iii) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി- അംഗം;

(iv) നിയമസഭാ സാമാജികർ, അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ - അംഗങ്ങൾ;

(v) ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ചെയർപേഴ്സൺ -അംഗം;

(vi) വൈസ്-ചാൻസലർ-അംഗം;

(vii) വൈസ്-ചാൻസലർ, എ.പി.ജെ.അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല, കേരള -എക്സ്-ഒഫീഷ്യോ അംഗം;

(viii) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നുള്ള ഒരു മുതിർന്ന പ്രതിനിധി- അംഗം;

(ix) വിവരസാങ്കേതികവിദ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി- എക്സ്-ഒഫീഷ്യോ അംഗം;

(x) ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി- എക്സ്- ഒഫീഷ്യോ അംഗം;

(xi) ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്- ഒഫീഷ്യോ അംഗം;

(xii) കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ-എക്സ്-ഒഫീഷ്യോ അംഗം;

(xiii) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാലക്കാട്-എക്സ്-ഒഫീഷ്യോ അംഗം;

(xiv) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ്, കോഴിക്കോട്-എക്സ്-ഒഫീഷ്യോ അംഗം;

(xv) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, തിരുവനന്തപുരം-എക്സ്-ഒഫീഷ്യോ അംഗം;

(xvi) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം-എക്സ്-ഒഫീഷ്യോ അംഗം;

(xvii) ഡയറക്ടർ, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി-എക്സ്-ഒഫീഷ്യോ അംഗം;

(xviii) ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ-ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം-എക്സ്-ഒഫീഷ്യോ അംഗം;

(xix) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് പ്രമുഖ വ്യക്തികൾ, അവരിൽ മൂന്ന് പേർ വിവര-സാങ്കേതിക വിദ്യയിലോ അനുബന്ധ മേഖലകളിലോ അല്ലെങ്കിൽ വ്യവസായരംഗത്ത് മാനേജിംഗ് ഡയറക്ടർ പദവിയിലോ അതിനു മുകളിലോ ഉള്ള പദവി വഹിക്കുന്ന അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന വ്യക്തികളും, ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോപെട്ടയാളും ഒരാൾ വനിതയും ഒരാൾ ഒരു സംരംഭകനും ആയിരിക്കേണ്ടതാണ്-അംഗങ്ങൾ;

(xx) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫാക്കൽറ്റി അംഗങ്ങൾ - അംഗങ്ങൾ;

(xxi) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് വിദ്യാർത്ഥികൾ - അംഗങ്ങൾ.

(3) രജിസ്ട്രാർ കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ജനറൽ കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളുമുണ്ടായിരിക്കുന്നതാണ്, അതായത്:—

(i) പുതിയ പ്രവണതകളും ദിശാമാറ്റങ്ങളും സ്വമേധയാ തിരിച്ചറിയുകയും, സർവ്വകലാശാലക്കുവേണ്ടി തന്ത്രപ്രധാനമായ പദ്ധതികൾ ആവിഷ്കരിക്കുകയും; അത്തരം പദ്ധതിയുടെ നിർവ്വഹണം ആസൂത്രണംചെയ്യുകയും മേൽനോട്ടം വഹിക്കുകയും; സർവ്വകലാശാലയുടെ വീക്ഷണവും ദൗത്യവും പുതിയ പ്രവണതകൾക്കും ദിശാമാറ്റങ്ങൾക്കും അനുസൃതമായി കാത്തുസൂക്ഷിക്കുകയും;

(ii) തന്ത്രപ്രധാനമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നയങ്ങൾക്ക് രൂപം നൽകുകയും;

(iii) സർവ്വകലാശാലയുടെ വിശാലനയങ്ങളെക്കുറിച്ചും പരിപാടികളെക്കുറിച്ചും കാലാകാലങ്ങളിൽ അവലോകനം നടത്തുകയും, സർവ്വകലാശാലയുടെ പുരോഗതിക്കും വികസനത്തിനും വേണ്ടിയുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും;

(iv) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളും പരിഗണിക്കുകയും പ്രമേയം പാസ്സാക്കുകയും അത്തരം കണക്കുകളിന്മേലുള്ള ആഡിറ്ററുടെ റിപ്പോർട്ട് പരിഗണിക്കുകയും;

(v) ഉപദേശമാരാഞ്ഞുകൊണ്ട് അതിലേയ്ക്ക് കൈമാറിയേക്കാവുന്ന ഏതൊരു വിഷയങ്ങളെയും സംബന്ധിച്ച് ചാൻസലറെ ഉപദേശിക്കുകയും ; കൂടാതെ

(vi) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

18. <u>ബോർഡ് ഓഫ് ഗവർണേഴ്സ്</u>.—(1) ബോർഡ് ഓഫ് ഗവർണേഴ്സിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) വിവരസാങ്കേതിക വ്യവസായരംഗത്ത് ഗണ്യമായ അനുഭവ സമ്പത്തുള്ളതും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതുമായ രാജ്യാന്തര മികവുള്ള ഒരു വിദഗ്ധൻ-ചെയർപേഴ്സൺ;

(ii) വൈസ്-ചാൻസലർ - വൈസ് ചെയർപേഴ്സൺ;

(iii) നിയമസഭാ സാമാജികർ, അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം-അംഗം;

(iv) വൈസ്-ചാൻസലർ, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല, കേരള -എക്സ്-ഒഫീഷ്യോ അംഗം;

(v) വിവരസാങ്കേതികവിദ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്-ഒഫീഷ്യോ അംഗം;

(vi) ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി-എക്സ്-ഒഫീഷ്യോ അംഗം;

(vii) ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി - എക്സ്-ഒഫീഷ്യോ അംഗം ;

(viii) കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ - എക്സ്-ഒഫീഷ്യോ അംഗം;

(ix) ഭാരത സർക്കാരിന്റെ ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും മന്ത്രാലയത്തിന്റെ ഒരു പ്രതിനിധി - എക്സ്-ഒഫീഷ്യോ അംഗം;

(x) ഭാരത സർക്കാരിന്റെ ശാസ്ത്ര-സാങ്കേതിക വകുപ്പിൽ നിന്നുള്ള ഒരു പ്രതിനിധി - എക്സ്-ഒഫീഷ്യോ അംഗം;

(xi) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാലക്കാട് - എക്സ്-ഒഫീഷ്യോ അംഗം;

(xii) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, തിരുവനന്തപുരം - എക്സ്-ഒഫീഷ്യോ അംഗം;

(xiii) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം - എക്സ്-ഒഫീഷ്യോ അംഗം;

(xiv) ഡയറക്ടർ, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി - എക്സ്-ഒഫീഷ്യോ അംഗം;

(xv) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് - എക്സ്-ഒഫീഷ്യോ അംഗം;

(xvi) ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ-ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം - എക്സ്-ഒഫീഷ്യോ അംഗം;

(xvii) വൈസ് ചാൻസലർ സമർപ്പിക്കുന്ന, വിദ്യാഭ്യാസം, ഗവേഷണം, വിവരസാങ്കേതികവിദ്യയും പ്രയോഗവും, അതിന്റെ അനുബന്ധ വിജ്ഞാനശാഖകൾ എന്നീ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള നാലു വിദഗ്ധരുടെ പാനലിൽ നിന്നും രണ്ടു പേരും, ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന പ്രസ്തുത മേഖലകളുമായി ബന്ധപ്പെട്ട രണ്ട് വിദഗ്ധരും - അംഗങ്ങൾ;

(xviii) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ രണ്ട് പ്രൊഫസർമാർ - അംഗങ്ങൾ;

(xix) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാർത്ഥി - അംഗം.

(2) രജിസ്ട്രാർ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) സർവ്വകലാശാലയുടെ ആദ്യ ബോർഡ് ഓഫ് ഗവർണേഴ്സിനെ സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി നിയമിക്കേണ്ടതാണ്.

19. ബോർഡ് ഓഫ് ഗവർണേഴ്സിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും നൽകേണ്ട ബത്തകളും.—(1) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥചെയ്തിട്ടില്ലാത്ത പക്ഷം, ബോർഡ് ഓഫ് ഗവർണേഴ്സിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(i) ഒരു എക്സ്-ഒഫീഷ്യോ അംഗം അദ്ദേഹം ഏത് പദവിയുടെ അടിസ്ഥാനത്തിലാണോ അംഗമായത്, ആ പദവി വഹിക്കുന്നതുവരെ തുടരുന്നതാണ്;

(ii) ഒരു വിദഗ്ധ അംഗം അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ മൂന്ന് വർഷക്കാലം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്. എന്നിരുന്നാലും അദ്ദേഹത്തിന്റെ കാലാവധി രണ്ട് വർഷക്കാലയളവിലേക്ക് കൂടി നീട്ടിനൽകാവുന്നതാണ്;

(iii) വിദ്യാർത്ഥി അംഗം ഒരു വർഷത്തേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്; കൂടാതെ,

(iv) 18-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (xvii)-ാം ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ രണ്ട് വർഷത്തേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(2) ആകസ്മികമായുണ്ടാകുന്ന ഒഴിവ് നികത്തുന്നതിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരംഗത്തിന്റെ കാലാവധി, അദ്ദേഹം ആരുടെ സ്ഥാനത്തേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന് അവശേഷിക്കുന്ന കാലത്തേക്ക് മാത്രമായിരിക്കുന്നതാണ്.

(3) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 18-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം വഴി ബോർഡ് ഓഫ് ഗവർണേഴ്സിൽ അംഗങ്ങളാകുന്നവർ, ഔദ്യാഗിക സ്ഥാനം ഒഴിയുന്ന സംഗതിയിൽ, അയാളുടെ സ്ഥാനത്തു മറ്റൊരാൾ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതുവരെയോ അല്ലെങ്കിൽ മൂന്ന് മാസം വരെയോ ഏതാണോ ആദ്യം അതുവരെ അയാൾ അംഗമായി തുടരേണ്ടതാണ്.

(4) ബോർഡ് ഓഫ് ഗവർണേഴ്സിലെ അംഗങ്ങൾക്ക് അർഹമായ ബത്തകൾ സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കുന്നതാണ്.

20. ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അധികാരങ്ങളും ചുമതലകളും.— (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുടെ പൊതുവായ മേൽനോട്ടം, നേതൃത്വം നൽകൽ, നിയന്ത്രണം എന്നിവയിൽ ബോർഡ് ഓഫ് ഗവർണേഴ്സ് ഉത്തരവാദിയായിരിക്കുന്നതും ഈ ആക്റ്റിലോ സ്റ്റാറ്റ്യൂട്ടുകളിലോ റെഗുലേഷനുകളിലോ മറ്റുവിധത്തിൽ വ്യവസ്ഥചെയ്തിട്ടില്ലാത്തതായ, സർവ്വകലാശാലയുടെ എല്ലാ അധികാരങ്ങളും അത് വിനിയോഗിക്കേണ്ടതും, സെനറ്റിന്റെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുന്നതിന് അതിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാതെ ബോർഡ് ഓഫ് ഗവർണേഴ്സിന് താഴെപ്പറയുന്ന അധികാരങ്ങളുണ്ടായിരിക്കുന്നതാണ്, അതായത് :—

(i) സർവ്വകലാശാലയുടെ ഭരണവും പ്രവർത്തനങ്ങളും സംബന്ധിച്ച നയപരമായ പ്രശ്നങ്ങളിൽ തീരുമാനമെടുക്കുക;

(ii) പഠന സ്കൂളുകൾ സ്ഥാപിക്കുകയും പഠന കോഴ്സുകൾ നിശ്ചയിക്കുകയും പ്രവേശന മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും സ്വതന്ത്രമായ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക;

(iii) വിവിധ കോഴ്സുകൾക്കുള്ള ഫീസ് നിശ്ചയിക്കുക;

(iv) സ്വമേധയോ, സർവ്വകലാശാലാ അധികാരസ്ഥാനങ്ങളുടെ ശിപാർശയിന്മേലോ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക;

(v) സർവ്വകലാശാലയിൽ അക്കാഡമികവും അതുപോലെ മറ്റുതരത്തിലുള്ളതുമായ തസ്തികകൾ സൃഷ്ടിക്കുക, നിയമനം നടത്തുക, അവരുടെ സേവന-വേതനവ്യവസ്ഥകൾ നിശ്ചയിക്കുക;

(vi) റെഗുലേഷനുകൾ പരിഗണിക്കുകയോ പരിഷ്കരിക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(vii) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട്, വാർഷിക കണക്കുകൾ, അതിന് അനുയോജ്യമെന്ന് കരുതുന്ന, സർവ്വകലാശാലയുടെ വികസനരൂപരേഖയെ കുറിച്ചുള്ള പ്രസ്താവനയോടുകൂടിയ, അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് എന്നിവ പരിഗണിക്കുകയും പാസ്സാക്കുകയും; കൂടാതെ

(viii) ഈ ആക്റ്റോ സ്റ്റാറ്റ്യൂട്ടുകളോ വഴി അതിന് നൽകിയേക്കാവുന്നതോ ബാധ്യസ്ഥമാക്കിയേക്കാവുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും, മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

(3) ഈ ആക്റ്റിൻ കീഴിൽ ബോർഡ് ഓഫ് ഗവർണേഴ്സിനുള്ള അധികാരങ്ങൾ വിനിയോഗിക്കാനും അതിന്റെ ചുമതലകൾ നിർവ്വഹിക്കാനും അതിന് ആവശ്യമെന്ന് കരുതുന്ന അപ്രകാരമുള്ള കമ്മിറ്റികളെ നിയമിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ബോർഡ് ഓഫ് ഗവർണേഴ്സ് വർഷത്തിൽ കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(5) ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ഒരു യോഗം ചേരുന്നതിനുള്ള ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിൽ ഒന്നായിരിക്കും.

21. സെനറ്റ്.—(1) സെനറ്റ് സർവ്വകലാശാലയുടെ പ്രധാന അക്കാഡമിക ബോഡിയായിരിക്കുന്നതും, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി,—

(i) സർവ്വകലാശാലയുടെ തന്ത്രപ്രധാനമായ പദ്ധതികൾ സാക്ഷാത്കരിക്കാനുള്ള അക്കാഡമിക നയങ്ങളും പരിപാടികളും ആവിഷ്കരിക്കുന്നതിനായി വൈസ്-ചാൻസലർ മുഖാന്തരം, ബോർഡ് ഓഫ് ഗവർണേഴ്സുമായി പരസ്പരപ്രവർത്തനം നടത്തുന്നതിന് ഉത്തരവാദിയായിരിക്കുന്നതും;

(ii) സർവ്വകലാശാലയ്ക്കുള്ളിൽ ബോധനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പരീക്ഷയുടെയും നിലവാരപരിപാലനം നിയന്ത്രിക്കേണ്ടതും; കൂടാതെ

(iii) സ്റ്റാറ്റ്യൂട്ടുകൾ വഴി അതിന് നൽകിയേക്കാവുന്നതോ ബാധ്യസ്ഥ മാക്കിയേക്കാവുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും മറ്റ് കർത്തവ്യങ്ങൾ നിർവഹിക്കേണ്ടതുമാണ്.

(2) സെനറ്റിന്റെ രൂപീകരണവും അതിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും സ്റ്റാറ്റ്യൂട്ടിൽ നിർണ്ണയിച്ചിരിക്കുന്നപ്രകാരമായിരിക്കുന്നതാണ്.

(3) എല്ലാ അക്കാഡമിക സംഗതികളിലും, ബോർഡ് ഓഫ് ഗവർണേഴ്സിനെ ഉപദേശിക്കുവാനുള്ള അവകാശം സെനറ്റിനുണ്ടായിരിക്കുന്നതാണ്.

22. ഫൈനാൻസ് കമ്മിറ്റി.—(1) ബോർഡ് ഓഫ് ഗവർണേഴ്സിനാൽ രൂപവത്കരിക്കപ്പെടുന്ന, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന, ഒരു ഫൈനാൻസ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(i) വൈസ്-ചാൻസലർ;

(ii) ബോർഡ് ഓഫ് ഗവർണേഴ്സ് അതിലെ അംഗങ്ങളിൽനിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ടു അംഗങ്ങൾ[***]; കൂടാതെ

(iii) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അംഗങ്ങൾ.

(2) വൈസ്-ചാൻസലർ ഒഴികെ, ബോർഡ് ഓഫ് ഗവർണേഴ്സിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട, ഫൈനാൻസ് കമ്മിറ്റിയിലെ അംഗങ്ങൾ, അവർ ബോർഡ് ഓഫ് ഗവർണേഴ്സിലെ അംഗങ്ങളായി തുടരുന്നിടത്തോളമോ അല്ലെങ്കിൽ രണ്ട് വർഷക്കാലത്തേക്കോ, ഏതാണോ ആദ്യം, അതുവരെ ഔദ്യോഗിക പദവി വഹിക്കേണ്ടതാണ്.

(3) ഫൈനാൻസ് കമ്മിറ്റിയുടെ ചുമതലകളും കർത്തവ്യങ്ങളും താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(i) സർവ്വകലാശാലയുടെ വാർഷിക ബജറ്റ് പരിശോധിക്കുകയും സൂക്ഷ്മ പരിശോധന നടത്തുകയും സാമ്പത്തികകാര്യങ്ങളിൽ ബോർഡ് ഓഫ് ഗവർണേഴ്സിന് ശിപാർശകൾ നൽകുകയും;

(ii) എല്ലാ പുതിയ ധനവ്യയ നിർദ്ദേശങ്ങളും പരിഗണിക്കുകയും ബോർഡ് ഓഫ് ഗവർണേഴ്സിന് ശിപാർശകൾ നൽകുകയും;

(iii) കണക്കുകളുടെ ആനുകാലിക സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും, സർവ്വകലാശാലയുടെ കണക്കുകൾ കാലാകാലങ്ങളിൽ അവലോകനം ചെയ്യുകയും പുനർധനവിനിയോഗ പത്രികകൾ പരിഗണിക്കുകയും അത് ബോർഡ് ഓഫ് ഗവർണേഴ്സിന് സമർപ്പിക്കുകയും; കൂടാതെ

(iv) സർവ്വകലാശാലയെ ബാധിക്കുന്ന ഏതെങ്കിലും സാമ്പത്തികപ്രശ്നം സംബന്ധിച്ച്, സ്വമേധയോ, ബോർഡ് ഓഫ് ഗവർണേഴ്സിൽ നിന്നും അഭിപ്രായം ആരായുമ്പോഴോ, അതിന്റെ വീക്ഷണങ്ങളും ശിപാർശകളും ബോർഡ് ഓഫ് ഗവർണേഴ്സിന് നൽകുകയും ചെയ്യുക.

(4) ഫൈനാൻസ് കമ്മിറ്റി വർഷത്തിൽ കുറഞ്ഞത് നാല് തവണ യോഗം ചേരേണ്ടതാണ്. ഫൈനാൻസ് കമ്മിറ്റി യോഗംചേരുന്നതിനുള്ള ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നായിരിക്കേണ്ടതാണ്.

(5) ഫൈനാൻസ് കമ്മിറ്റിയുടെ യോഗങ്ങളിൽ വൈസ്-ചാൻസലർ അധ്യക്ഷത വഹിക്കേണ്ടതും, അദ്ദേഹത്തിന്റെ അഭാവത്തിൽ, യോഗത്തിൽവച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം അധ്യക്ഷത വഹിക്കേണ്ടതുമാണ്. ഏതെങ്കിലും സംഗതിയിൽ അംഗങ്ങൾക്കിടയിൽ ഭിന്നാഭിപ്രായമുണ്ടാകുന്നപക്ഷം, യോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം നിലനിൽക്കുന്നതാണ്.

23. <u>അക്കാഡമിക് കൗൺസിൽ:</u>—(1) അക്കാഡമിക് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കുന്നതാണ്, അതായത് : —

(i) വൈസ്-ചാൻസലർ-ചെയർപേഴ്സൺ;

(ii) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നിയമിക്കുന്ന ശാസ്ത്രം, സാങ്കേതികവിദ്യ, മാനവിക വിഷയങ്ങൾ എന്നീ രംഗങ്ങളിൽ നിന്നുള്ള മൂന്ന് അക്കാഡമിക വിദഗ്ദ്ധർ;

(iii) അക്കാഡമിക വിഭാഗത്തിന്റെ ഡീൻ;

(iv) ഗവേഷണ വിഭാഗത്തിന്റെ ഡീൻ;

(v) സർവ്വകലാശാലയിലെ എല്ലാ പ്രൊഫസർമാരും.

(2) രജിസ്ട്രാർ അക്കാഡമിക് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) അക്കാഡമിക് കൗൺസിൽ, വൈസ്-ചാൻസലർ തീരുമാനിക്കുന്ന പ്രകാരം യോഗം ചേരേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള ഒരു കാരണവശാലും അറുപത് ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

(4) അക്കാഡമിക് കൗൺസിലിന്റെ ഒരു യോഗത്തിന്റെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നായിരിക്കുന്നതാണ്.

(5) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി തുടർച്ചയായ രണ്ട് അദ്ധ്യയന വർഷം ആയിരിയ്ക്കുന്നതാണ്. മറ്റു അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അവരുടെ ഔദ്യോഗിക സ്ഥാനം അവസാനിക്കുന്നതു വരെയോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് അദ്ധ്യയന വർഷം പൂർത്തിയാക്കുന്നതു വരെയോ, ഏതാണോ ആദ്യം, അതുവരെ ആയിരിക്കുന്നതാണ്.

(6) ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അനുമതിയോടെ, സർവ്വകലാശാല കാലാകാലങ്ങളിൽ നടപ്പാക്കുന്ന വിദ്യാഭ്യാസം, പരിശീലനം, വിജ്ഞാനവ്യാപനം തുടങ്ങി സർവ്വകലാശാലയുടെ എല്ലാ അക്കാഡമിക പരിപാടികളുടെയും ഉത്തരവാദിത്വം അക്കാഡമിക് കൗൺസിലിനായിരിക്കുന്നതാണ്. സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമുള്ള വിവിധ വിദ്യാഭ്യാസ ശാഖകൾക്കു വേണ്ടിയും കൂടാതെ വിവിധ പരിപാടികൾക്കു വേണ്ടിയും അക്കാഡമിക് കൗൺസിലിന് വെവ്വേറെ ബോർഡ് ഓഫ് സ്റ്റഡീസുകൾ രൂപവത്കരിക്കാവുന്നതാണ്.

24. റിസർച്ച് കൗൺസിൽ.—(1) താഴെപ്പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു റിസർച്ച് കൗൺസിൽ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) വൈസ്-ചാൻസലർ;

(ii) ഡീനുകൾ;

(iii) ഗവേഷണരംഗത്തെ സ്വതന്ത്രമായ മികവിന്റെ കേന്ദ്രങ്ങളുടെ മേധാവികൾ, ഗവേഷണരംഗത്തെ ഇന്റർ-ഡിസിപ്ലിനറി സെന്റർ ഓഫ് എക്സലൻസുകളുടെ മേധാവികൾ, സർവ്വകലാശാലയുടെ വിവിധ സ്കൂളുകളിലെ ഗവേഷണകേന്ദ്രങ്ങളുടെ മേധാവികൾ; കൂടാതെ

(iv) ഡിജിറ്റൽ സയൻസ്, സാങ്കേതികവിദ്യ, ഇന്റർഡിസിപ്ലിനറി ഇന്നോവേഷൻ, ലിബറൽ ആർട്സ് അല്ലെങ്കിൽ മാനവിക വിഷയങ്ങൾ എന്നീ മേഖലകളിലെ ഗവേഷണസ്ഥാപനങ്ങളിൽ നിന്ന്, ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശംചെയ്യുന്ന രണ്ട് ഡയറക്ടർമാർ അല്ലെങ്കിൽ ശാസ്ത്രജ്ഞർ.

(2) വൈസ്-ചാൻസലർ നാമനിർദ്ദേശംചെയ്യുന്ന റിസർച്ച് വിഭാഗം ഡീൻ റിസർച്ച് കൗൺസിലിന്റെ കോ-ഓർഡിനേറ്റർ ആയിരിക്കുന്നതാണ്.

(3) സർവ്വകലാശാലയുടെ എല്ലാ ഗവേഷണ പ്രവർത്തനങ്ങളും മേൽനോട്ടം വഹിച്ച് നയിക്കേണ്ട ഉത്തരവാദിത്വം റിസർച്ച് കൗൺസിലിനായിരിക്കും. ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ ഗവേഷണത്തിന് സഹായകരമാകുന്നതിനായി റിസർച്ച് കൗൺസിൽ വൈദേശികമായ ഗവേഷണ പ്രോജക്ടുകൾ ക്ഷണിക്കുകയും, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗവേഷണകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നതാണ്. സർവ്വകലാശാലയിൽ ഉന്നത നിലവാരമുള്ള ഗവേഷണം സുഗമമാക്കുന്നതിലേയ്ക്ക് രാജ്യത്തേയും വിദേശത്തേയും മുൻനിര സർവ്വകലാശാലകളുമായും ഏജൻസികളുമായും സംഘടനകളുമായും ബന്ധം സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വവും റിസർച്ച് കൗൺസിലിനുണ്ടായിരിക്കുന്നതാണ്.

(4) റിസർച്ച് കൗൺസിലിന്റെ കർത്തവ്യങ്ങൾ സ്റ്റാറ്റ്യൂട്ടിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

25. മറ്റ് അധികാരസ്ഥാനങ്ങൾ.— സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളായി സ്റ്റാറ്റ്യൂട്ടുകളാൽ പ്രഖ്യാപിച്ചേക്കാവുന്ന മറ്റ് അധികാരസ്ഥാനങ്ങളുടെ ഘടന, അധികാരങ്ങൾ, ചുമതലകൾ എന്നിവ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

## അദ്ധ്യായം 5

## സ്റ്റാറ്റ്യൂട്ടുകളും റെഗുലേഷനുകളും

26. സ്റ്റാറ്റ്യൂട്ടുകൾ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്റ്റാറ്റ്യൂട്ടുകളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(i) അധികാരസ്ഥാനങ്ങളുടേയും കാലാകാലങ്ങളിൽ സർവ്വകലാശാലയിൽ രൂപവൽക്കരിക്കപ്പെടേണ്ടത് ആവശ്യമാണെന്ന് കരുതുന്ന മറ്റ് നികായങ്ങളുടേയും ഘടന, അധികാരങ്ങൾ, ചുമതലകൾ;

(ii) അധികാരസ്ഥാനങ്ങളിലേയും മറ്റ് നികായങ്ങളിലേയും അംഗങ്ങളുടെ തെരഞ്ഞെടുപ്പും, ഔദ്യോഗികപദവികളിൽ തുടരലും, അതുമായി ബന്ധപ്പെട്ട് വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമെന്നോ അഭികാമ്യമെന്നോ സർവ്വകലാശാല കരുതുന്ന മറ്റെല്ലാ കാര്യങ്ങളും;

(iii) സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ നിയമനരീതി, അവരുടെ സേവനവ്യവസ്ഥകൾ, അധികാരങ്ങൾ, കർത്തവ്യങ്ങൾ, വേതനങ്ങൾ;

(iv) അദ്ധ്യാപകർ, അക്കാഡമിക സ്റ്റാഫ്, മറ്റ് ജീവനക്കാർ തുടങ്ങിയ വ്യത്യസ്ത വിഭാഗങ്ങളിലുള്ള തസ്തികകൾ സൃഷ്ടിക്കൽ, അവരുടെ നിയമനരീതി, അവരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കൽ, ബത്തകൾ ഉൾപ്പെടെയുള്ള ശമ്പളഘടന, മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾ;

(v) വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പുകൾ, അസിസ്റ്റന്റ്ഷിപ്പ്, ക്യാംപസ് ജോലികൾ, സമാനസ്വഭാവത്തിലുള്ള മറ്റ് അവസരങ്ങൾ എന്നിവ സൃഷ്ടിക്കൽ, അവരുടെ യോഗ്യതയും അതോടൊപ്പം കർത്തവ്യങ്ങളും ചുമതലകളും വ്യവസ്ഥകളും നിബന്ധനകളും നിശ്ചയിക്കൽ ;

(vi) മറ്റ് യൂണിവേഴ്സിറ്റികളിലോ ദേശീയ തലത്തിലുള്ള സ്ഥാപനങ്ങളിലോ ജോലി ചെയ്യുന്ന, അദ്ധ്യാപകരെയും മറ്റ് അക്കാഡമിക സ്റ്റാഫിനെയും ഒരു പ്രത്യേക കാലയളവിലേയ്ക്ക് സർവ്വകലാശാലയിൽ നിയമിക്കേണ്ട രീതിയും അവരുടെ സേവന വ്യവസ്ഥകളും വേതനവും;

(vii) സർവ്വകലാശാലയിലെ ജീവനക്കാർക്ക് പ്രയോജനപ്രദമാകുന്നതിനുവേണ്ടി പെൻഷൻ ഫണ്ട്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയുടെ രൂപവൽക്കരണവും ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തലും;

(viii) സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരാലോ അദ്ധ്യാപകരാലോ ജീവനക്കാരാലോ മറ്റ് അക്കാഡമിക ജീവനക്കാരാലോ വിദ്യാർത്ഥികളാലോ അപ്പീൽ നൽകുന്നതിനുള്ള നടപടിക്രമം;

(ix) ഓണററി ബിരുദങ്ങൾ നൽകൽ;

(x) മെഡലുകൾ, സമ്മാനങ്ങൾ, മറ്റ് പ്രോത്സാഹനങ്ങൾ ഇവ ഏർപ്പെടുത്തൽ;

(xi) സർവ്വകലാശാലാ ജീവനക്കാർക്കിടയിൽ അച്ചടക്കം നിലനിർത്തൽ;

(xii) ചെയറുകൾ, പഠന സ്കൂളുകൾ, വകുപ്പുകൾ, സെന്ററുകൾ, അനുബന്ധ സ്ഥാപനങ്ങൾ ഇവ സ്ഥാപിക്കൽ;

(xiii) സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളിലോ ഉദ്യോഗസ്ഥരിലോ നിക്ഷിപ്തമായ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ; കൂടാതെ

(xiv) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ടതോ ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായതോ ആയ മറ്റേതൊരു കാര്യവും.

27. <u>സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം</u>.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നാലുടൻതന്നെ, ചാൻസലറുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, സർക്കാർ ആദ്യ സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കേണ്ടതാണ്.

(2) ബോർഡ് ഓഫ് ഗവർണേഴ്സിന്, കാലാകാലങ്ങളിൽ, പുതിയതോ അധിക സ്റ്റാറ്റ്യൂട്ടുകളോ ഉണ്ടാക്കാവുന്നതും, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ നിർദ്ദിഷ്ട മാറ്റത്തെപ്പറ്റി, അങ്ങനെയുള്ള അധികാരസ്ഥാനത്തിന് അതിന്റെ അഭിപ്രായം രേഖാമൂലം പ്രകടിപ്പിക്കുവാൻ ന്യായമായ ഒരവസരം നൽകാതെ സർവ്വകലാശാലയിലെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ പദവി, അധികാരം, ഘടന ഇവയെ ബാധിക്കുന്നരീതിയിൽ ബോർഡ് ഓഫ് ഗവർണേഴ്സ് ഏതെങ്കിലും സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതിചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(3) എല്ലാ പുതിയ സ്റ്റാറ്റ്യൂട്ടുകൾക്കും സ്റ്റാറ്റ്യൂട്ടുകളിലെ കൂട്ടിച്ചേർക്കലിനും അതിനുള്ള ഏതെങ്കിലും ഭേദഗതികൾക്കും റദ്ദാക്കലിനും ചാൻസലറുടെ അനുമതി ആവശ്യമായിട്ടുള്ളതും അദ്ദേഹത്തിന് അത് അംഗീകരിക്കുകയോ അദ്ദേഹം നടത്തിയ ഏതെങ്കിലും നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ വീണ്ടും പരിഗണിക്കുന്നതിനായി ബോർഡ് ഓഫ് ഗവർണേഴ്സിന് തിരിച്ചയക്കുകയോ ചെയ്യാവുന്നതുമാണ്.

(4) ചാൻസലറുടെ അനുമതി ലഭിക്കാത്തപക്ഷം പുതിയ സ്റ്റാറ്റ്യൂട്ടിനോ നിലവിലുള്ള ഒരു സ്റ്റാറ്റ്യൂട്ടിനെ ഭേദഗതി ചെയ്തുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ ഉള്ള ഒരു സ്റ്റാറ്റ്യൂട്ടിനോ സാധുതയുണ്ടായിരിക്കുന്നതല്ല.

28. റെഗുലേഷനുകൾ.—(1) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, റെഗുലേഷനുകളിൽ താഴെപ്പറയുന്ന ഏതെങ്കിലുമോ എല്ലാമോ കാര്യങ്ങൾക്ക് വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(i) വിദ്യാർത്ഥികളുടെ പ്രവേശനം, പഠനകോഴ്സുകളും അവയുടെ ഫീസും, ബിരുദങ്ങൾ, ഡിപ്ലോമകൾ, സർട്ടിഫിക്കറ്റുകൾ, മറ്റ് അക്കാഡമിക ബഹുമതികൾ എന്നിവ നൽകുന്നത് സംബന്ധിച്ചുള്ള യോഗ്യതകൾ, ഫെല്ലോഷിപ്പുകളും അവാർഡുകളും അതുപോലെയുള്ളവയും നൽകുന്നതിനുള്ള നിബന്ധനകൾ;

(ii) പരീക്ഷാ നടത്തിപ്പ്, പരീക്ഷകരുടേയും മറ്റുള്ളവരുടെയും നിയമനം, അവർക്കുള്ള നിബന്ധനകളും വ്യവസ്ഥകളും;

(iii) വിദ്യാർത്ഥികളുടെ താമസം സംബന്ധിച്ച നിബന്ധനകളും അവരുടെ പൊതു അച്ചടക്കവും;

(iv) സർവ്വകലാശാലയും ജീവനക്കാരും തമ്മിലോ വിദ്യാർത്ഥികളും സർവ്വകലാശാലയും തമ്മിലോ ഉള്ള തർക്ക പരിഹാരത്തിനുള്ള നടപടിക്രമം;

(v) സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കിടയിൽ അച്ചടക്കം പാലിക്കൽ;

(vi) സർവ്വകലാശാലയിലെ അദ്ധ്യാപകർ, ജീവനക്കാർ, മറ്റ് അക്കാഡമിക സ്റ്റാഫ്, വിദ്യാർത്ഥികൾ തുടങ്ങിയവരുടെ പെരുമാറ്റം, കർത്തവ്യങ്ങൾ, ഇവയുടെ ക്രമീകരണങ്ങൾ;

(vii) ഈ ആക്റ്റിന്റെയോ സ്റ്റാറ്റ്യൂട്ടുകളുടെയോ റെഗുലേഷനുകളുടെയോ കീഴിൽ നടപടികൾ സ്വീകരിക്കാവുന്നതായ പെരുമാറ്റ ദൂഷ്യങ്ങളുടെ വിഭാഗങ്ങൾ; കൂടാതെ

(viii) ഈ ആക്റ്റിലേയോ സ്റ്റാറ്റ്യൂട്ടുകളിലേയോ വ്യവസ്ഥകളാലോ അവയ്ക്ക് കീഴിലോ, റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യേണ്ടതോ ചെയ്യാവുന്നതോ ആയ മറ്റേതൊരു കാര്യവും.

(2) സർക്കാരിന്റേയോ ബോർഡ് ഓഫ് ഗവർണേഴ്സിന്റേയോ അംഗീകാരത്തോടെ, വൈസ്-ചാൻസലർ ആദ്യ റെഗുലേഷൻ ഉണ്ടാക്കേണ്ടതും, അങ്ങനെ ഉണ്ടാക്കപ്പെടുന്ന റെഗുലേഷൻ, ഏതുസമയത്തും നിർണ്ണയിക്കപ്പെടാവുന്നപ്രകാരം, ബോർഡ് ഓഫ് ഗവർണേഴ്സിന് ഭേദഗതി ചെയ്യുകയോ, റദ്ദുചെയ്യുകയോ, കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതുമാണ്.

29. <u>വാർഷിക റിപ്പോർട്ട്.</u>—(1) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട്, വൈസ്-ചാൻസലറുടെ നിർദ്ദേശമനുസരിച്ച് തയ്യാറാക്കേണ്ടതും, അതിൽ മറ്റ് വിഷയങ്ങളോടൊപ്പം, സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ജനറൽ കൗൺസിൽ മുന്നോട്ടുവയ്ക്കുന്ന ആകമാന നിർദ്ദേശങ്ങൾക്കും പൊതുനയങ്ങൾക്കും അനുസൃതമായി സർവ്വകലാശാല സ്വീകരിച്ച നടപടികൾ കൂടി ഉൾപ്പെടുത്തേണ്ടതുമാണ്;

(2) അങ്ങനെ തയ്യാറാക്കപ്പെടുന്ന വാർഷിക റിപ്പോർട്ട്, ബോർഡ് ഓഫ് ഗവർണേഴ്സ് അംഗീകരിച്ചതിനുശേഷം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തീയതിയിൽ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്.

30. <u>സർവ്വകലാശാലയുടെ ഫണ്ട്.</u>—(1) സർവ്വകലാശാലാ ഫണ്ട് എന്നപേരിൽ സർവ്വകലാശാലയ്ക്ക് ഒരു ഫണ്ട് ഉണ്ടായിരിക്കുന്നതും അതിൽ താഴെപ്പറയുന്നവ ഉൾക്കൊള്ളുന്നതുമായിരിക്കും,—

(i) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ നൽകുന്ന ഏതെങ്കിലും ധനവിഹിതമോ ഗ്രാന്റോ;

(ii) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നൽകുന്ന ഏതെങ്കിലും ധനവിഹിതമോ ഗ്രാന്റോ;

(iii) വ്യവസായ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, വാണിജ്യ കേന്ദ്രങ്ങൾ എന്നിവ നൽകുന്ന ഏതെങ്കിലും സംഭാവനയോ ഗ്രാന്റോ;

(iv) സ്വകാര്യ വ്യക്തികളോ, പൊതുവോ സ്വകാര്യമോ ആയ മറ്റ് ട്രസ്റ്റുകളോ നൽകുന്ന ഒസ്യത്തുകൾ, സംഭാവനകൾ, എൻഡോവ്മെന്റുകൾ, മറ്റ് സഹായധനങ്ങൾ തുടങ്ങിയവ;

(v) ഫീസുകളിൽ നിന്നും ചാർജ്ജുകളിൽ നിന്നും സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന വരുമാനം; കൂടാതെ

(vi) മറ്റ് ഏതൊരു സ്രോതസ്സിൽനിന്നും ലഭിക്കുന്ന തുകകൾ.

(2) ഫണ്ടിലെ തുക, ബോർഡ് ഓഫ് ഗവർണേഴ്സ് <u>തീരുമാനിക്കുന്ന</u> പ്രകാരം, ഏതെങ്കിലും ഒരു ഷെഡ്യൂൾഡ് ബാങ്കിലോ ബാങ്കുകളിലായോ സൂക്ഷിക്കേണ്ടതാണ്.

(3) ഫണ്ടുകൾ റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അത്തരം വിധത്തിലും സർവ്വകലാശാലയുടെ അത്തരം ആവശ്യത്തിനായും വിനിയോഗിക്കാവുന്നതാണ്.

31. <u>വാർഷിക കണക്കുകൾ.</u>—(1) സർവ്വകലാശാലയുടെ വാർഷിക കണക്കുകളും, ആസ്തിബാധ്യതാ പട്ടികയും, വൈസ്-ചാൻസലറുടെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും, ബോർഡ് ഓഫ് ഗവർണേഴ്സ് അംഗീകരിക്കേണ്ടതും കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയോ, അദ്ദേഹം ഇതിലേയ്ക്കായി അധികാരപ്പെടുത്തുന്ന അപ്രകാരമുള്ള ആളോ ആളുകളോ ഓരോ വർഷത്തിലും കുറഞ്ഞത് ഒരു തവണയെങ്കിലും, പതിനഞ്ച് മാസത്തിൽ കവിയാത്ത ഇടവേളകളിൽ, ആഡിറ്റ് ചെയ്യേണ്ടതുമാണ്.

(2) വാർഷിക കണക്കുകളുടെ പകർപ്പ്, ആഡിറ്റ് റിപ്പോർട്ട് സഹിതവും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ നിരീക്ഷണങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അതും ഉൾപ്പെടെ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്.

(3) വാർഷിക കണക്കുകളെക്കുറിച്ച് ചാൻസലർ നടത്തുന്ന ഏതൊരു നിരീക്ഷണവും, ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

(4) ചാൻസലർക്ക് സമർപ്പിക്കുന്നതുപോലെ, വാർഷിക കണക്കുകളുടെ ഒരു പകർപ്പ്, ആഡിറ്റ് റിപ്പോർട്ട് സഹിതം സർക്കാരിന് സമർപ്പിക്കേണ്ടതും, ആയത് ആവശ്യമായ അംഗീകാരത്തിനുശേഷം കേരള നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

32. <u>സർവ്വകലാശാലാ അപ്പലേറ്റ് ട്രൈബ്യൂണൽ</u>.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കുകയോ, അപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള നിലവിലുള്ള മറ്റ് ഏതെങ്കിലും ട്രൈബ്യൂണലിനെ വിജ്ഞാപനം ചെയ്യുകയോ ചെയ്യേണ്ടതാണ്.

(2) ചാൻസലർ, കേരള ഹൈക്കോടതിയുമായി കൂടിയാലോചിച്ചുകൊണ്ട് നാമനിർദ്ദേശം ചെയ്യുന്ന, ജില്ലാ ജഡ്ജിയുടെ പദവിയിൽ കുറയാത്ത ഒരു ന്യായാധിപനായിരിക്കണം അപ്പലേറ്റ് ട്രൈബ്യൂണൽ.

(3) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഔദ്യോഗിക കാലാവധി അതിനെ നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമായിരിക്കുന്നതാണ്.

(4) അപ്പലേറ്റ് ട്രൈബ്യൂണലിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടു കൂടി അതിന്റെ നടപടിക്രമം ക്രമപ്പെടുത്തുന്നതിനും കാര്യനിർവ്വഹണത്തിനുംവേണ്ടിയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്. അപ്രകാരം ഉണ്ടാക്കിയ റെഗുലേഷനുകൾ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(5) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വേതനവും, മറ്റ് സേവനവ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കാവുന്ന പ്രകാരമായിരിക്കുന്നതാണ്.

33. <u>പ്രോവിഡന്റ് ഫണ്ടും പെൻഷൻ ഫണ്ടും</u>.—സർവ്വകലാശാല അതിന്റെ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾക്കായി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള നിബന്ധനകൾക്കും വിധേയമായി, അതിന് യുക്തമെന്ന് തോന്നുന്ന അത്തരം പെൻഷൻ ഫണ്ടോ പ്രോവിഡന്റ് ഫണ്ടോ രൂപവത്കരിക്കുകയോ അത്തരം ഇൻഷ്വറൻസ് പദ്ധതികൾ ഏർപ്പാടാക്കുകയോ ചെയ്യേണ്ടതാണ്.

34. <u>ചാൻസലർ തർക്കങ്ങൾ തീരുമാനിക്കേണ്ടതാണെന്ന്</u>.—യഥാവിധി നിയമിക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ[***]ആയ ഒരാൾ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ ഒരു അംഗമാകാൻ അർഹനാണോ എന്നതിനെ കുറിച്ച് ഈ ആക്റ്റിലെയോ ഏതെങ്കിലും സ്റ്റാറ്റ്യൂട്ടുകളിലെയോ റെഗുലേഷനുകളിലേയോ വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാകുകയാണെങ്കിൽ, ആ സംഗതി നേരിട്ട് ബാധിക്കപ്പെട്ട ആളുടെയോ നികായത്തിന്റെയോ ഹർജിയിന്മേലോ അല്ലെങ്കിൽ വൈസ്-ചാൻസലർക്ക് സ്വമേധയോ ചാൻസലറുടെ അഭിപ്രായത്തിന് അയച്ചുകൊടുക്കാവുന്നതും, അദ്ദേഹം ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള ഉപദേശം സ്വീകരിച്ചശേഷം, സർക്കാരുമായി കൂടിയാലോചിച്ച് തർക്കവിഷയത്തിൽ തീരുമാനമെടുക്കേണ്ടതും അങ്ങനെയുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

35. <u>ആകസ്മിക ഒഴിവുകൾ നികത്തൽ</u>.—സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിലെയോ മറ്റു നികായത്തിലെയോ അംഗങ്ങളിൽ ഉണ്ടാകുന്ന എല്ലാ <u>ആകസ്മിക</u> ഒഴിവുകളും, ഏതംഗത്തിന്റെ സ്ഥാനമാണോ ഒഴിഞ്ഞത് ആ അംഗത്തിനെ നിയമിക്കുകയോ തെരഞ്ഞെടുക്കുകയോ[***]ചെയ്യേണ്ട ആൾ അല്ലെങ്കിൽ നികായം സൗകര്യപ്രദമായ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നികത്തേണ്ടതും, അങ്ങനെയുള്ള ഒരു <u>ആകസ്മിക</u> ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ തെരഞ്ഞെടുക്കപ്പെടുകയോ[***] ചെയ്യുന്ന ഏതൊരാളും അയാൾ ആർക്ക് പകരമായാണോ നിയമിക്കപ്പെട്ടത് അയാൾ അംഗമായിരുന്നെങ്കിൽ അവശേഷിക്കുമായിരുന്ന കാലത്തേക്ക് മാത്രം അത്തരം അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ അംഗമായിരിക്കുന്നതുമാണ്.

36. <u>ഒഴിവുകൾമൂലം സർവ്വകലാശാലയുടെ നികായങ്ങളുടെയോ അധികാര സ്ഥാനങ്ങളുടെയോ നടപടികൾ അസാധുവാകുന്നതല്ലെന്ന്</u>.—സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിലെയോ മറ്റ് നികായത്തിലെയോ, അംഗങ്ങളുടെ ഏതെങ്കിലും ഒഴിവോ ഒഴിവുകളോ നിലവിലുണ്ട് എന്ന കാരണം കൊണ്ടുമാത്രം, അതിന്റെ പ്രവൃത്തികളോ നടപടിക്രമങ്ങളോ അസാധുവാകുന്നതല്ലാത്തതാകുന്നു.

37. <u>ഉത്തമവിശ്വാസപൂർവ്വം ചെയ്ത നടപടികൾക്ക് സംരക്ഷണം.</u>—ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളിലേയോ റെഗുലേഷനുകളിലേയോ വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച്, സർവ്വകലാശാലയ്ക്കോ ഏതെങ്കിലും അധികാരസ്ഥാനത്തിനോ സർവ്വകലാശാലയിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ മറ്റു ജീവനക്കാരന്റെയോ ഉത്തരവിന്റെയോ നിർദ്ദേശത്തിന്റെയോ കീഴിൽ പ്രവർത്തിച്ച ഏതെങ്കിലും ആളിനോ കമ്മിറ്റിക്കോ എതിരായി, യാതൊരു വ്യവഹാരമോ മറ്റു നിയമനടപടികളോ യാതൊരു കോടതിയിലും നിലനിൽക്കുന്നതല്ലാത്തതാകുന്നു.

38. <u>സർവ്വകലാശാലാ രേഖകൾ തെളിയിക്കുന്ന രീതി.</u>—1872-ലെ ഇന്ത്യൻ തെളിവ് നിയമത്തിലോ (1872-ലെ 1), തത്സമയം നിലവിലുള്ള മറ്റേതെങ്കിലും നിയമങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും രസീതിന്റെയോ, അപേക്ഷയുടെയോ, അറിയിപ്പിന്റെയോ, സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റേയോ കമ്മിറ്റിയുടെയോ നടപടിക്രമങ്ങളുടെയോ പ്രമേയത്തിന്റെയോ, സർവ്വകലാശാലയുടെ കൈവശമുള്ള മറ്റ് രേഖകളുടെയോ, സർവ്വകലാശാല യഥാവിധി സൂക്ഷിക്കുന്ന ഏതെങ്കിലും രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പിന്റെയോ പകർപ്പ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയാൽ ആയതിന്റെ അസ്സൽ ഹാജരാക്കിയാൽ, തെളിവിൽ സ്വീകരിക്കുന്നതുപോലെ, അതിൽ വ്യക്തമാക്കുന്ന കാര്യങ്ങളുടെയും ഇടപാടുകളുടെയും തെളിവായി സ്വീകരിക്കേണ്ടതാണ്.

39. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ അത്തരം വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ടു വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പുപ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

[***]

<u>40. സ്റ്റാറ്റ്യൂട്ടുകളും റെഗുലേഷനുകളും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണെന്ന്.</u>—(1) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന എല്ലാ സ്റ്റാറ്റ്യൂട്ടുകളും റെഗുലേഷനുകളും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന എല്ലാ സ്റ്റാറ്റ്യൂട്ടുകളും റെഗുലേഷനുകളും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലായോ ആകെ പതിനാലു

ദിവസക്കാലം സഭ സമ്മേളിക്കുന്ന വേളയിൽ വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ആ സ്റ്റാറ്റ്യൂട്ടിലോ റെഗുലേഷനിലോ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ സ്റ്റാറ്റ്യൂട്ട് അല്ലെങ്കിൽ റെഗുലേഷൻ ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ സ്റ്റാറ്റ്യൂട്ടിന് അല്ലെങ്കിൽ റെഗുലേഷന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ സ്റ്റാറ്റ്യൂട്ട് പ്രകാരമോ അല്ലെങ്കിൽ റെഗുലേഷൻ പ്രകാരമോ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

41. റദ്ദാക്കലും ഒഴിവാക്കലും.— (1) 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ഓർഡിനൻസ് (2021-ലെ 113) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

**എസ്. വി. ഉണ്ണികൃഷ്ണൻ നായർ,**
*സെക്രട്ടറി.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2021 സെപ്റ്റംബർ 29.